ജൂലൈ 4-6 : മൂവാറ്റുപ്പുഴ ഭദ്രാസനം
ജൂലൈ 7-9 : തിരുവല്ല അതിഭദ്രാസനം
ജൂലൈ 22-23 : തിരുവനന്തപുരം മേജർ അതിഭദ്രാസനം
ജൂലൈ 27-28 : ഇൻഡ്യയിലെ ഭദ്രാസനേതര പ്രദേശം (ETRI)
ജൂലൈ : പുത്തൂർ ഭദ്രാസനം

മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി നടത്തിപ്പിലേയ്ക്കുള്ള ചെലവിനുള്ള തുക സ്വരൂപിപ്പിക്കുന്നതിനുള്ള ചുമതല അത്യഭിവന്ദ്യ ബാവാ തിരുമേനി ഏറ്റെടുത്തു. എക്സിബിഷനും മറ്റുമായി ഭദ്രാസനങ്ങൾക്ക് വരുന്ന ചെലവുകൾ അതാതു ഭദ്രാസനങ്ങൾ വഹിക്കേണ്ടതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ സന്ദേശം നൽകുന്ന *തീംസോംഗ്* രചിക്കുവാനുള്ള ചുമതല അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി ഏറ്റെടുത്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത മേഖലകളെയും അതിലെ മുന്നേറ്റങ്ങളെക്കുറിച്ചും ദൈവജനത്തെ അറിയിക്കാനുള്ള ഒരു *മിഷൻ കോളം* നമ്മുടെ എല്ലാം സഭാപ്രസിദ്ധീകരണങ്ങളിലും ഉണ്ടായിരിക്കണം എന്ന് പരി. സുന്നഹദോസ് നിർദ്ദേശിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയിലെ നിർദ്ദേശങ്ങളെക്കുറിച്ച് പര്യാലോചിക്കുന്നതിനും അവ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള അംഗീകാരം നൽകുന്നതിനുമായി, 12-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2011 സെപ്തംബർ 23 മുതൽ 25 വരെ നടത്തുന്നതിന് തീരുമാനിച്ചു.

*3 ആദ് ലിമിനാ* **സന്ദർശനം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമൊത്ത് സഭയിലെ മെത്രാന്മാർ ഒരുമിച്ച് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ കബറിടം സന്ദർശിക്കാനും സാർവത്രിക സഭയുടെ തലവനായ പരിശുദ്ധ മാർപാപ്പാ തിരുമേനിയെ സന്ദർശിക്കാനുമായി പരി. സിംഹാസനം തയ്യാറാക്കിയ സമയവിവര പട്ടിക സുന്നഹദോസ് അംഗങ്ങൾക്ക് നൽകി. 2011 മാർച്ച് 21 മുതൽ 28 വരെയുള്ള ദിവസങ്ങളിലാണ് പ്രസ്തുത സന്ദർശനം. മാർച്ച് 20, ഞായറാഴ്ച ഉച്ചകഴിഞ്ഞ് റോമിൽ താമസിക്കുന്ന നമ്മുടെ സഭയിലെ ബഹു. വൈദികരും സന്യസ്തരും അല്മായരു

മൊത്തുള്ള ഒരു വി. കുർബാന അർപ്പണം നടത്തുവാനുള്ള ക്രമീകരണങ്ങൾചെയ്യുന്നതായി അറിയിച്ചു.

പരിശുദ്ധ മാർപാപ്പായുമായുള്ള പൊതു കൂടിക്കാഴ്ചയിൽ നമ്മുടെ സഭയുടെ പൊതു ആവശ്യങ്ങൾ രേഖാമൂലം സമർപ്പിക്കുവാൻ തീരുമാനിച്ചു. നമ്മുടെ സഭയും പരിശുദ്ധ സിംഹാസനവും തമ്മിലുള്ള ബന്ധവും കാനോനിക ആവശ്യങ്ങളും റോമൻ കൂരിയായുടെ ബന്ധപ്പെട്ട കാര്യാലയങ്ങളുമായുള്ള ചർച്ചകളും സംയോജിപ്പിക്കുവാനുള്ള ഒരു പ്രൊക്കുറായുടെ ആവശ്യം പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവുമായി ആശയവിനിമയം നടത്തുവാൻ തീരുമാനിച്ചു.

**4. വി. മൂറോൻ കൂദാശ**

വി. കൂദാശകളുടെ ആവശ്യത്തിനുള്ള വി. മൂറോൻ നമുക്ക് ആവശ്യമുള്ളതിനാൽ മൂറോൻ കൂദാശ ചെയ്യേണ്ടതാണെന്ന് പരി. സുന്നഹദോസ് തീരുമാനിച്ചു. നമ്മുടെ സഭ കാതോലിക്കാ അധികാരാവകാശങ്ങളോടുകൂടിയ ഒരു മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷമുള്ള മൂറോൻ കൂദാശ എന്ന നിലയിൽ ഇത് നമ്മുടെ സഭാ ജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ആരാധനക്രമപരമായ ആഘോഷമായിരിക്കും. ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് 2011 ഡിസംബർ 9, 10 തീയതികളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വി. മൂറോൻ കൂദാശ നടത്താൻ തീരുമാനിച്ചു. കൂദാശാകർമ്മം 9-ാം തീയതി വൈകിട്ട് 3 മണിക്ക് ആരംഭിക്കും. രണ്ടാം ദിവസത്തെ ശുശ്രൂഷകൾ രാവിലെ 7 മണിക്ക് ആരംഭിക്കും. വി. മൂറോൻ തയ്യാറാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ, ആരാധക്രമത്തിനുള്ള സിനഡൽ കമ്മീഷന്റെ പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

**5. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണം**

കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണ പുരോഗതി പരി. സുന്നഹദോസ് വിലയിരുത്തി. 2011 സെപ്തംബർ 21-ാം തീയതി 81-ാം പുനരൈക്യ ദിനാഘോഷത്തോടനുബന്ധിച്ചും, ആദ്യത്തെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി ആരംഭിക്കുന്ന ദിനത്തിലും കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ നടത്തണമെന്ന് തീരുമാനിച്ചു. കാതോലിക്കേറ്റ് നിർമ്മാണ ഫണ്ടിലേയ്ക്ക് ഭദ്രാസനങ്ങൾ വാഗ്ദാനം ചെയ്ത തുക 2011 ഏപ്രിൽ 30-നകം നൽകേണ്ടതാണ്. 2007-നു ശേഷം രൂപീകൃതമായ ഭദ്രാസനങ്ങൾ 3 ലക്ഷം രൂപാവീതം തൽഫണ്ടിലേയ്ക്ക് നൽകണമെന്ന് തീരുമാനിച്ചു.

**6. കാതോലിക്കേറ്റ് സെന്ററിലെ ബഹു. സിസ്റ്റേഴ്സിന്റെ സേവനം**

കാതോലിക്കേറ്റ് സെന്ററിലും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലും നിയമിതരായ ബഹു. സിസ്റ്റേഴ്സിന്റെ സേവനം പരി. സുന്നഹദോസ് വിലയിരുത്തുകയും പ്രശംസിക്കുകയും അവരുടെ സേവനം തുടരുന്നതിന് തീരുമാനിക്കുകയും ചെയ്തു. ബഹു. സിസ്റ്റേഴ്സിന്റെ സേവനം അഞ്ചു വർഷത്തേയ്ക്ക് നിജപ്പെടുത്താനും അവർ ഒരേ സന്യാസസമൂഹത്തിൽ

പ്പെട്ടവരായിരിപ്പാനും പരി. സുന്നഹദോസ് തീരുമാനിച്ചു. ബഥനി, മേരി മക്കൾ സമൂഹങ്ങളിലെ സിസ്റ്റേഴ്സിനെ അഞ്ചുവർഷത്തെ സേവനത്തിനായി നിയമിക്കാവുന്നതാണ്. സുപ്പീര്യർ ജനറൽ സമ്മതിക്കുന്നുവെങ്കിൽ ബഥനി സിസ്റ്റേഴ്സിന് ആദ്യത്തെ നിയമനം നൽകി ഈ തീരുമാനം ഉടൻ തന്നെ പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

**7. മലങ്കര മേജർ സെമിനാരി**

മലങ്കര മേജർ സെമിനാരിയിലെ വൈദിക പരിശീലനത്തെക്കുറിച്ച് പരി. സുന്നഹദോസ് വിലയിരുത്തി. അടുത്ത അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ അദ്ധ്യാപകരെയും ആദ്ധ്യാത്മിക ഗുരുക്കന്മാരെയും കണ്ടെത്താൻ സെമിനാരി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിനെ സുന്നഹദോസ് ചുമതലപ്പെടുത്തി.

**8. റാഞ്ചി മെഡിക്കൽ കോളേജിനുള്ള സംഭാവന**

റാഞ്ചി കത്തോലിക്കാ മെഡിക്കൽ കോളേജിന് സാമ്പത്തികസഹായം നൽകണമെന്ന സിബിസിഐ യുടെ അപേക്ഷയെക്കുറിച്ച് പരി. സുന്നഹദോസ് പര്യാലോചിച്ചു. ഓരോ ഭദ്രാസനവും അവരവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ചുള്ള സംഭാവന റാഞ്ചി മെഡിക്കൽ കോളജിന് നേരിട്ട് അയച്ചു കൊടുക്കാൻ പരി. സുന്നഹദോസ് തീരുമാനിച്ചു

**9. ഇൻഡ്യയിലെ ഭദ്രാസനാതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങൾ (ETRI)**

ഇൻഡ്യയിലെ ഭദ്രാസനാതിർത്തിക്കു പുറത്തുള്ള പ്രദേശങ്ങളിലെ സാമ്പത്തിക ഇടപാടുകൾ നടത്തിക്കൊണ്ടുപോകുവാൻ ഒരു ബാങ്ക് ലോൺ എടുക്കേണ്ടതിന്റെ ആവശ്യകത അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ പരി. സുന്നഹദോസിനെ അറിയിച്ചു. പ്രസ്തുത നിർദ്ദേശത്തിന് സുന്നഹദോസ് അനുമതി നൽകി. അഭിവന്ദ്യ ബർണബാസ് മെത്രാപ്പോലീത്താ ETRI-ലെ വൈദികരുടെ സേവനത്തെ വിലയിരുത്തി. ഏതാനും വൈദികരെ അവരുടെ ഭദ്രാസനങ്ങളിലേയ്ക്ക് തിരികെ വിളിച്ചതിനാൽ, പല സെന്ററുകളിലേയ്ക്കും ഭദ്രാസനങ്ങളിൽ നിന്ന് വൈദികരുടെ സേവനം അഭിവന്ദ്യ തിരുമേനി ആവശ്യപ്പെട്ടു. ഭദ്രാസനാദ്ധ്യക്ഷന്മാർ അവരുടെ സഹകരണം വാഗ്ദാനം ചെയ്തു.

മാർത്താണ്ഡം ഭദ്രാസനാതിർത്തിക്കു പുറത്ത് വസിക്കുന്ന തമിഴ് സംസാരിക്കുന്ന മലങ്കര മക്കൾക്ക് അജപാലന ശുശ്രൂഷ സംലഭ്യമാക്കാൻ ETRI അപ്പസ്തോലിക വിസിറ്റർ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയോട് ചേർന്നുകൊണ്ട് വേണ്ടതെല്ലാം ചെയ്യുവാൻ, മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയെ പരിശുദ്ധ സുന്നഹദോസ് ചുമതലപ്പെടുത്തിയതിന്റെ പ്രായോഗിക തലങ്ങൾ ചർച്ച ചെയ്തു. ചെന്നൈയിൽ തമിഴ് സംസാരിക്കുന്ന മലങ്കര മക്കൾക്കുവേണ്ടി ഒരു പ്രത്യേക ഇടവക ഇപ്പോൾ നിലവിലിരിക്കുന്ന കാനോനിക അവസ്ഥയ്ക്ക് അനുയോജ്യമായി രൂപീകരിക്കുവാൻ 10-ാം സാധാരണ പരി. സുന്നഹദോസ് നിർദ്ദേശിച്ചതിന്റെ ചുമതല അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയെ ഭരമേൽപ്പിച്ചു. തദനുസരണം,

ചെന്നൈ-പാടി ഇടവകയ്ക്ക് പുതിയ ദൈവാലയം പണിയുന്നതിന് 2011 ഫെബ്രുവരി 27-ന് പരി. കാതോലിക്കാബാവാ തറക്കല്ലിട്ടതിനോടൊപ്പം, തമിഴ് സംസാരിക്കുന്ന മലങ്കര സഭാംഗങ്ങൾക്കുവേണ്ടിയുള്ള ദൈവാലയത്തിന്റെ അടിസ്ഥാന ശില ആശീർവദിക്കുകയും ചെയ്തു. ഇപ്പോഴത്തെ കാനോനിക അവസ്ഥയിൽ ഈ ഇടവക ETRI സംവിധാനത്തിലായിരിക്കും. കാലക്രമത്തിൽ ഈ പ്രദേശം ഉൾപ്പെടുന്ന പുതിയ കാനോനിക സംവിധാനങ്ങൾ നിലവിൽ വരുമ്പോൾ ഈ ഇടവക പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുന്നതാണ്.

**സമാപനം**

2011 മാർച്ച് 3-ാം തീയതി രാവിലെ 11 മണിക്ക് പരി. സുന്നഹദോസിന്റെ സമാപന സെഷൻ ആരംഭിച്ചു. സമാപന സന്ദേശത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സുന്നഹദോസിൽ പങ്കെടുത്ത പിതാക്കന്മാർക്ക് എല്ലാവർക്കും നന്ദി അറിയിച്ചു. സുന്നഹദോസ് തിരുവല്ല മേരിഗിരി ആർച്ചുബിഷപ്സ് ഹൗസിൽ കൂടിയ സാഹചര്യത്തിൽ ആർച്ച്ബിഷപ്സ് ഹൗസിലെ എല്ലാ ഭാരവാഹികൾക്കും സഹായികൾക്കും പ്രത്യേകം നന്ദി പറഞ്ഞു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷവല്ക്കരണപ്രവർത്തനങ്ങൾ ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ കൂടുതൽ സജീവമാക്കാൻ സുന്നഹദോസ് അംഗങ്ങളെ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. സഭയുടെ സുവിശേഷീകരണ ശുശ്രൂഷയിലെ മുന്നേറ്റത്തിന്, ഉടനെ നടക്കുവാൻ പോകുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി ഒരവസരമാകട്ടെ എന്ന ആശംസയോടെ 10-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിച്ചതായി അത്യഭിവന്ദ്യ കാതോലിക്കാബാവാ പ്രഖ്യാപിച്ചു.

മേജർ ആർച്ച്ബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ മദ്ധ്യാഹ്ന നമസ്ക്കാരത്തിന് നേതൃത്വം നൽകുകയും അപ്പസ്തോലികാശീർവാദം നൽകുകയും ചെയ്തു.

**✠ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

**THE SYRO- MALANKARA CATHOLIC CHURCH**

**MAJOR ARCHIEPISCOPAL CURIA**

**CATHOLICATE CENTRE, TRIVANDRUM - 695004, KERALA, INDIA**

## Eleventh Ordinary Holy Episcopal Synod

**(2 – 3 March 2011)**

# DECISIONS

The Eleventh Ordinary Holy Episcopal Synod that was convoked from 2 to 3 March 2011 took the following decisions.

**1. On *Vaidîka Sangamam* (Priests' Meet)**

The Synodal Commission for the Clergy will organize the *Vaidîka Sangamam* of the SMCC at least once in five years.

**2. On the Syro-Malankara Catholic Church Assembly (SMCCA)**

a. The *lineamenta* of the first SMCCA published in English shall be translated and published in Malayalam, Tamil and Kannada.

b. Rev. Fr. Joseph Venmanathu from the Major Archieparchy of Trivandrum, Rev. Fr. Darbello Christus from the Eparchy of Marthandom and Rev. Sr. Anila Christy from the Congregation of the Daughters of Mary, if her service is available, along with Rev. Fr. John Vaipil, the General Secretary of the Core-committee, shall function as the Central Secretariat of the Assembly. The Secretariat will function at the Major Archiepiscopal Curia.

c. The preparation and the conduct of the Syro-Malankara Catholic Church Assembly shall be coordinated from the Major Archiepiscopal Curia by the Curia Bishop under the guidance of His Beatitude, the Major Archbishop-Catholicos.

d. The Core-committee headed by Most Rev. Abraham Mar Julios will give leadership for the theological presentation of the theme of the Assembly and its follow-up and executions throughout the preparation and conduct of the Assembly.

e. Various committees shall be formed to work for the arrangements of accommodation, food, exhibition, etc. Most Rev. Samuel Mar Irenios was given the responsibility of conducting an exhibition for enabling common participation of all and for conveying the message of the Assembly to the People of God.

f. His Excellency Most Rev. Vincent Mar Paulos shall compose the theme-song that conveys the message of the Assembly.

**3. On the Convocation of the Twelfth Ordinary Holy Episcopal Synod**

The Twelfth Ordinary Holy Episcopal Synod shall be convoked from 23 to 25 September 2011 to deliberate on the proposals of the First Syro-Malankara Catholic Church Assembly and to approve the same for their promulgation.

**4. On *Ad Limina* Visit**

a. The common needs of our Church shall be submitted in writing to the Holy Father during the common audience with the Holy Father.

b. The need of a *procura* of the SMCC in Rome to co-ordinate relational and canonical matters of our Church with the Holy See and to hold consultations with the various dicasteries of the Roman Curia shall be discussed with the Congregation for the Eastern Churches.

**5. On the Blessing of the Holy Myron**

a. The blessing of the Holy Myron shall be held at St. Mary's Cathedral, Pattom on 9 and 10 December 2011. The blessing liturgy will begin at 3p.m. on 9 December. The services of the second day will begin at 7 a.m.

b. Most Rev. Thomas Mar Koorilos, the chairman of the Synodal Commission for Liturgy, will do all the preparations for the blessing of the Holy Myron.

**6. On the Construction of the Catholicate Centre**

a. The Catholicate Centre shall be blessed on 21 September 2011 together with the 81st Reunion Day celebrations and on the day of the commencement of the First Major Archiepiscopal Assembly.

b. The eparchies shall hand over the balance of the amount to be contributed to the construction fund before 30 April 2011. The eparchies that were erected after 2007 shall contribute Rupees 3 lakhs each to this fund.

**7. On the Service of Rev. Sisters in the Catholicate Centre**

The term of service of the sisters appointed at the Centre shall be five years and that they shall all be from the same congregation. The Rev. Sisters

from Bethany and Daughters of Mary shall be appointed for service. This decision shall be applied forthwith and shall begin with the turn of the Bethany Sisters if the Superior General agrees to it.

**8. The Contribution to the Ranchi Catholic Medical College**

Each Eparchy may send its contribution to the Ranchi Medical College according to each one's financial situation.

**9. Extra Territorial Regions in India**

Most Rev. Jacob Mar Barnabas be granted permission to take a loan from the bank to manage the financial transactions of the Extra Territorial Regions in India.

✠ **Archbishop Thomas Mar Koorilos**
Secretary

✠ **Thomas Mar Anthonios OIC**
Chancellor

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

## മേജർ ആർക്കിഎപ്പിസ്‌ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## പതിനൊന്നാം പരിശുദ്ധ എപ്പിസ്‌ക്കോപ്പൽ സുന്നഹദോസ് (2011 മാർച്ച് 2 മുതൽ 3 വരെ)

### തീരുമാനങ്ങൾ

2011 മാർച്ച് 2, 3 തീയതികളിൽ വിളിച്ചുകൂട്ടിയ പതിനൊന്നാം പരിശുദ്ധ എപ്പിസ്‌ക്കോപ്പൽ സുന്നഹദോസ് താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

**1. വൈദികസംഗമം**

വൈദികർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വൈദികസംഗമം അഞ്ചുവർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കുന്നതാണ്.

**2. മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി**

a. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച പ്രഥമ മലങ്കര സുറയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ പഠനരേഖ മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കേണ്ടതാണ്.

b. അസംബ്ലിയുടെ കേന്ദ്ര സെക്രട്ടറിയേറ്റിൽ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ബഹു. ജോൺ വൈപ്പിൽ അച്ചനു പുറമേ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്നും ബഹു. ജോസഫ് വെൺമാനത്ത് അച്ചനും, മാർത്താണ്ഡം ഭദ്രാസനത്തിൽ നിന്ന് ബഹു. ഡാർബല്ലോ ക്രിസ്തൂസ് അച്ചനും, മേരിമക്കൾ സന്യാസിനി സമൂഹത്തിൽ നിന്ന് ബഹു. സി. അനിലാ ക്രിസ്റ്റിയുടെ സേവനം ലഭ്യമാകുമെങ്കിൽ ബഹു. സിസ്റ്ററും പ്രവർത്തിക്കുന്നതാണ്. സെക്രട്ടറിയേറ്റ് മേജർ ആർക്കി എപ്പിസ്‌ക്കോപ്പൽ കൂരിയായിൽ പ്രവർത്തിക്കുന്നതാണ്.

c. മലങ്കര സുറിയാനി കത്തോലിക്കാ സഭാഅസംബ്ലിയുടെ ഒരുക്കങ്ങളും നടത്തിപ്പും അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ മേൽനോട്ടത്തിൽ മേജർ ആർക്കി എപ്പിസ്‌ക്കോപ്പൽ കൂരിയായിൽ, കൂരിയാ മെത്രാൻ ഏകോപിപ്പിക്കുന്നതാണ്.

d. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള കോർകമ്മിറ്റി അസംബ്ലിയുടെ പ്രമേയത്തിന്റെ ദൈവശാസ്ത്രപരമായ അവതരണത്തിനും തുടർനടപടികളുടെ നിർവഹണത്തിനും അസംബ്ലിയുടെ ഒരുക്കത്തിന്റെയും നടത്തിപ്പിന്റെയും കാലഘട്ടത്തിൽ നേതൃത്വം നൽകുന്നതാണ്.

e. താമസ സൗകര്യം, ഭക്ഷണം, എക്സിബിഷൻ, തുടങ്ങിയ ക്രമീകരണങ്ങൾക്ക് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതാണ്. ദൈവജനത്തിന് അസംബ്ലിയുടെ സന്ദേശവും പൊതു ഭാഗഭാഗിത്വവും നൽകുന്നതിന് ഉതകുന്ന ഒരു എക്സിബിഷൻ നടത്തുന്നതിന്റെ ചുമതല അഭിവന്ദ്യ ഐറേനിയോസ് തിരുമേനിയെ ഭരമേൽപ്പിച്ചു.

f. മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ സന്ദേശം നൽകുന്ന തീംസോംഗ് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി തയ്യാറാക്കുന്നതാണ്.

**3. പന്ത്രണ്ടാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്**

മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ളിയിലെ നിർദ്ദേശങ്ങളെക്കുറിച്ച് പര്യാലോചിക്കുന്നതിനും അവ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള അംഗീകാരം നൽകുന്നതിനുമായി, പന്ത്രണ്ടാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, 2012 സെപ്തംബർ 23 മുതൽ 25 വരെ വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചു.

*4. ആദ് ലിമിനാ* സന്ദർശനം

a. പരിശുദ്ധ മാർപാപ്പായുമായുള്ള പൊതു കൂടിക്കാഴ്ചയിൽ നമ്മുടെ സഭയുടെ പൊതു ആവശ്യങ്ങൾ രേഖാമൂലം സമർപ്പിക്കുവാൻ തീരുമാനിച്ചു.

b. നമ്മുടെ സഭയും പരിശുദ്ധ സിംഹാസനവും തമ്മിലുള്ള ബന്ധവും കാനോനിക ആവശ്യങ്ങളും ഏകോപിപ്പിക്കുവാനും റോമൻ കൂരിയായിലെ വിവിധ കാര്യാലയങ്ങളുമായി ആശയവിനിമയങ്ങൾ നടത്തുന്നതിനുമായി റോമിൽ മലങ്കരസഭയ്ക്ക് ഒരു പ്രൊക്കുറായുടെ ആവശ്യമുണ്ടെന്ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവുമായി ചർച്ച ചെയ്യേണ്ടതാണ്.

**5. വി. മൂറോൻ കൂദാശ**

a. 2011 ഡിസംബർ 9, 10 തീയതികളിൽ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വി. മൂറോൻ കൂദാശ ചെയ്യുന്നതാണ്. കൂദാശാകർമ്മം 9-ാം തീയതി വൈകിട്ട് 3 മണിക്ക് ആരംഭിക്കും. രണ്ടാം ദിവസത്തെ ശുശ്രൂഷകൾ രാവിലെ 7 മണിക്ക് ആരംഭിക്കും.

b. ആരാധനക്രമത്തിനുള്ള സിനഡൽ കമ്മീഷന്റെ പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വി. മൂറോൻ കൂദാശയ്ക്കുവേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും ചെയ്യുന്നതാണ്.

**6. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണം**

a. 81-ാം പുനരൈക്യ ദിനാഘോഷത്തോടൊപ്പം പ്രഥമ മേജർ

ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി ആരംഭിക്കുന്ന ദിനത്തിൽ, 2011 സെപ്തംബർ 21-ാം തീയതി കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ നടത്തണമെന്ന് തീരുമാനിച്ചു.

b. കാതോലിക്കേറ്റ് നിർമ്മാണ ഫണ്ടിലേയ്ക്ക് ഭദ്രാസനങ്ങൾ വാഗ്ദാനം ചെയ്ത തുക 2011 ഏപ്രിൽ 30-നകം നൽകേണ്ടതാണ്. 2007-നു ശേഷം രൂപീകൃതമായ ഭദ്രാസനങ്ങൾ 3 ലക്ഷം രൂപാവീതം തൽഫണ്ടിലേയ്ക്ക് നൽകേണ്ടതാണ്.

**7. കാതോലിക്കേറ്റ് സെന്ററിൽ ബഹു. സിസ്റ്റേഴ്സിന്റെ സേവനം**

കാതോലിക്കേറ്റ് സെന്ററിൽ നിയമിതരാകുന്ന ബഹു. സിസ്റ്റേഴ്സിന്റെ സേവനകാലാവധി അഞ്ചു വർഷമായിരിക്കേണ്ടതും അവർ ഒരേ സന്യാസ സമൂഹത്തിൽപെട്ടവരായിരിക്കേണ്ടതുമാണ്. ബഥനി, മേരിമക്കൾ എന്നീ സമൂഹങ്ങളിലെ സിസ്റ്റേഴ്സിനെ സേവനത്തിനായി നിയമിക്കേണ്ടതാണ്. സുപ്പീര്യർ ജനറൽ സമ്മതിക്കുന്നുവെങ്കിൽ ബഥനി സിസ്റ്റേഴ്സിന് ആദ്യ അവസരം നൽകി ഈ തീരുമാനം ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

**8. റാഞ്ചി മെഡിക്കൽ കോളേജിനുള്ള സംഭാവന**

ഓരോ ഭദ്രാസനവും അവരവരുടെ സാമ്പത്തികസ്ഥിതിയനുസരിച്ചുള്ള സംഭാവന റാഞ്ചി മെഡിക്കൽ കോളജിന് നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

**9. ഭദ്രാസനാതിർത്തിക്കു പുറത്തുള്ള ഇൻഡ്യയിലെ പ്രദേശങ്ങൾ (ETRI)**

ഭദ്രാസനാതിർത്തിക്കു പുറത്തുള്ള ഇന്ത്യയിലെ പ്രദേശങ്ങളിലെ സാമ്പത്തിക ഇടപാടുകൾ നടത്തിക്കൊണ്ടുപോകുവാൻ ഒരു 'ബാങ്ക് ലോൺ' എടുക്കുവാൻ, അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായ്ക്ക് പരിശുദ്ധ സുന്നഹദോസ് അനുമതി നൽകി.

**✠ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്**
(സെക്രട്ടറി)

**✠ തോമസ് മാർ അന്തോണിയോസ് ഒ.ഐ.സി.**
(ചാൻസിലർ)

## 2011 മാർച്ച് 2 മുതൽ 3 വരെ സമ്മേളിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പതിനൊന്നാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ പരിശുദ്ധ കാതോലിക്കാബാവാ നൽകിയ സമാപന സന്ദേശം

സംപൂജ്യരായ സുന്നഹദോസ് പിതാക്കന്മാരേ,

പതിനൊന്നാം സാധാരണ പരിശുദ്ധ സുന്നഹദോസ് പര്യവസാനിപ്പിക്കുന്ന ഈ വേളയിൽ, സുന്നഹദോസിലുള്ള നിങ്ങളുടെ സജീവ പങ്കാളിത്തത്തിന് നിങ്ങളോട് നന്ദിപറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നമ്മുടെ എപ്പിസ്ക്കോപ്പൽ കൂട്ടായ്മയുടെ ഒരു ആഘോഷമാണ് സുന്നഹദോസ്. ഈ സുന്നഹദോസിന് മുന്നോടിയായി നമ്മുടെ വൈദികരുടെ കൂട്ടായ്മയുടെ ആഘോഷം നടന്നു. അവരും നമ്മളും ക്രിസ്തുവിന്റെ പൗരോഹിത്യത്താൽ സമ്മാനിതരാണ്; ക്രിസ്തുവിന്റെ മൗതികശരീരത്തെ, അവിടുത്തെ സഭയെ ശക്തിപ്പെടുത്തുന്ന നമ്മൾ ഒന്നിച്ച് ദൈവവചനത്തിന്റെയും ജീവന്റെ അപ്പത്തിന്റെയും ശുശ്രൂഷകരാണ്. വൈദികസംഗമത്തിൽ നാം അനുഭവിച്ച കൂട്ടായ്മയുടെ അരൂപിയും ഐക്യവും നമ്മുടെ സഭാത്മകജീവിതത്തിൽ നിലനില്ക്കട്ടെ.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷവത്ക്കരണപ്രവർത്തനങ്ങൾ ദൈവജനത്തിന്റെ വർദ്ധമാനമായ സഹകരണത്തോടെ ചലനാത്മകമാക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ സുവിശേഷവത്ക്കരണ ശുശ്രൂഷയിൽ പുരോഗതി കൈവരിക്കുവാൻ ഉടനെ നടക്കുവാൻ പോകുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി ഒരു അവസരമായിത്തീരട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. നമ്മുടെ മെത്രാന്മാരും, സഭയിലെ വൈദികർ, സന്യസ്തർ, അത്മായർ എന്നിവരുടെ പ്രതിനിധികളും പങ്കെടുക്കുന്ന മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ ആഘോഷം, നമ്മുടെ സഭയുടെ മേലും, ദൈവജനത്തിന്റെ മേലും, സഭയിലെ എല്ലാ അപ്പസ്തോലിക ശുശ്രൂഷയുടെ മേലും പരിശുദ്ധാത്മാവിനെ വർഷിക്കുന്ന വസന്തകാലമായി ഭവിക്കണം. നമ്മുടെ വൈദികരെയും അത്മായരെയും സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ഇതൊരവസരമാണ്. ദൈവജനത്തെ കേൾക്കുവാനും അഭിപ്രായം ആരായുവാനും ഉള്ള കാനോനികവും സഭാപരവുമായ ഒരു വേദിയാണിത്. നമ്മുടെ സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉള്ള അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ഒരു വേദികൂടിയാണ്. സഭയെ സംബന്ധിക്കുന്ന കാര്യങ്ങൾ പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമായി "അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും ഒരുമിച്ചു കൂടി" (നടപടി 15:6) യതുപോലെ ഒരു സഭയായി നാം ഒരുമിച്ച് വിളിച്ചുകൂട്ടപ്പെട്ടിരിക്കുന്നു.

"ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിന് വിജാതീയർക്ക് ഒരു ദീപമായി"(നടപടി 13:47) ഈ അസംബ്ലിയെ ക്രമീകരിച്ചിരിക്കുന്നു.

ഇത് നവസുവിശേഷവല്ക്കരണത്തിന്റെ കാലഘട്ടമാണ്. സുവിശേഷീകരിക്കപ്പെട്ടവരുടെ നവ സുവിശേഷീകരണത്തിൽ നാം ഏറ്റെടുക്കേണ്ട പങ്കിന്റെ ഒരു മുന്നോടിയാണ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ളി - "ദാവീദിന്റെ വീണു പോയ കൂടാരം ഞാൻ വീണ്ടും പണിയും. അതിന്റെ നഷ്ടാവശിഷ്ടങ്ങളിൽ നിന്ന് ഞാൻ അതിനെ പുതുക്കിപ്പണിയും. അതിനെ ഞാൻ വീണ്ടും ഉയർത്തിനിർത്തും (നടപടി 15:16-17).

പുനരൈക്യ വാർഷികത്തിനോടനുബന്ധിച്ച് നടക്കുന്ന മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ കൂദാശയും പ്രതിഷ്ഠയും, ശേഷം സമ്മേളിക്കുന്ന പ്രഥമ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും നമ്മുടെ സഭയുടെ ദൗത്യത്തിലും ചരിത്രത്തിലും പ്രത്യേകിച്ച്, സഭയുടെ ഭരണപരമായ ദൗത്യങ്ങൾ പ്രകടമാകുന്ന തലങ്ങളിൽ ഒരു നാഴികകല്ലായിരിക്കും.

സുന്നഹദോസ് തിരുവല്ല മേരിഗിരി ആർച്ച്ബിഷപ്സ് ഹൗസിൽ കൂടിയ സാഹചര്യത്തിൽ ഈ ഭവനത്തിലെ എല്ലാ ഭാരവാഹികൾക്കും സഹായികൾക്കും ഞാൻ പ്രത്യേകം നന്ദിയർപ്പിക്കുന്നു.

തുടർന്നു വരുന്ന ദിവസങ്ങൾ നമ്മുടെ ആത്മീയ, സഭാത്മക ജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ നോമ്പുകാലം, വലിയനോമ്പുകാലം, രക്ഷാകര രഹസ്യങ്ങളായ നമ്മുടെ കർത്താവിന്റെ പീഡാനുഭവം, മരണം, ഉയിർപ്പ് എന്നിവയിലുള്ള നമ്മുടെ പങ്കാളിത്തം ആഴപ്പെടുത്തുവാൻ നമ്മെ ക്ഷണിക്കുന്നു. നവീകരണത്തിനും പുനർസമർപ്പണത്തിനും ഉള്ള ഒരു സമയമാണിത്. തന്റെ വിലയേറിയ തിരുരക്തം കൊണ്ട് നമ്മെ വീണ്ടെടുത്ത കർത്താവ് നമ്മുടെ പാപങ്ങളിൽ നിന്നും നമ്മെ കഴുകി ശുദ്ധീകരിക്കട്ടെ! യേശുവിന്റെ കുത്തിതുറക്കപ്പെട്ട ഹൃദയത്തിൽ നിന്നും രൂപം കൊണ്ട സഭയെ കർത്താവ് സംരക്ഷിക്കട്ടെ! പെസഹാ രഹസ്യത്തിന്റെ അനുഗ്രഹകരമായ ഒരു ആഘോഷം ഞാൻ എല്ലാവർക്കും ആശംസിക്കുന്നു. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

ഈ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പര്യവസാനിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**✠ ബസേലിയോസ് ക്ലീമീസ് കാതോലിക്കോസ്**
മേജർ ആർച്ച്ബിഷപ്പ്

## THE VALEDICTORY MESSAGE OF HIS BEATITUDE THE CATHOLICOS AT THE ELEVENTH ORDINARY HOLY EPISCOPAL SYNOD OF THE SYRO-MALANKARA CATHOLIC CHURCH HELD FROM MARCH 2-3, 2011

Venerable Synod Fathers,

As we conclude this eleventh Ordinary Holy Episcopal Synod of our Church, I am happy to thank you all for your active participation in the Synod. The Synod is a celebration of our Episcopal fellowship. This Synod was preceded by the celebration of the fellowship of our priests. They and we are gifted with the priesthood of Christ and we together as servants of the Word of God and the Bread of life, strengthen the Mystical Body of Christ, His Church. May the spirit of *koinonia* and solidarity that we experienced at the *Vaidika Sangamam* endure in our ecclesial life!

I urge all of you to make dynamic, with the greater collaboration of the People of God, the evangelization activities of the Syro-Malankara Catholic Church. I wish that the forthcoming Syro-Malankara Catholic Church Assembly will be an occasion to make progress in the evangelization ministry of our Church. The celebration of the Major Archiepsicopal Assembly, in which all our Bishops together with representatives of the Clergy, Religious and Laity participate, should become for us a springtime of the outpouring of the Holy Spirit over our Church, on every individual of the People of God of our Church and on every ministry and apostolate of our Church. It is an occasion for our priests and the members of the Laity to be taken into the mainstream of our Church. It is also a canonical ecclesial forum in which the People of God are heard and consulted. It is a forum for them to ensure their participation in the life and mission of our Church. As an ecclesia, they are called together, as "the Apostles and the elders met together to consider matters" (Acts 15:6) that affect the Church and need to be resolved. It is an Assembly set 'to be a light for the Gentiles and to bring salvation to the ends of the earth' (Acts 13:47).

It is an age of "New Evangelisation". The Major Archiepiscopal Assembly will be a herald to take up our role in the 'new evangelisation' of the evangelized so as to 'rebuild the dwelling of David, which has fallen; from its

ruins to rebuild it and to set it up again' as well as 'to bring the Word of God to all the peoples who seek the Lord, even all the Gentiles over whom the name of the Lord has been called'. (Acts 15:16-17).

The proposed blessing and dedication of the Major Archiepiscopal Curia together with the Reunion Day celebrations followed by the convocation of the First Major Archiepiscopal Assembly will be a milestone in the history of our Church, especially in the realm of the expression of the mission of the Church in its administration.

As the Synod is convoked here in Marygiri Archbishop's House, Tiruvalla, I thank all the officials and assistants of this House for their valuable service.

The coming days are very important in our spiritual and ecclesial life. The season of the *nombu*, the great Lenten season, invites us to deepen our participation in the mystery of salvation, the suffering, death and resurrection of our Lord. It is a time of renewal and rededication. May the Lord who redeemed us through his precious blood cleanse us from our sins and sanctify us. May the pierced heart of Jesus, from which the Church came forth, be protected by the same Lord! I wish you all a blessed celebration of the Paschal Mystery! May God bless us all!

I declare this Holy Episcopal Synod closed.

**✠ Baselios Cleemis Catholicos**
**Major Archbishop**

## *AD LIMINA* VISIT

## ADDRESS OF HIS BEATITUDE MORAN MOR BASELIOS CLEEMIS, THE MAJOR ARCHBISHOP-CATHOLIOS OF THE SYRO-MALANKARA CATHOLIC CHURCH TO THE MOST HOLY FATHER POPE BENEDICT XVI DURING THE *AD LIMINA* VISIT ON 24 MARCH 2011

**Most Holy Father!**

The Syro-Malankara Catholic Major Archiepiscopal Church considers this to be one of the happiest and proudest moments in her hitherto history, as the Holy Episcopal Synod of this Church, ever since the Synod came into existence, is able to be with the Vicar of Christ on Earth, the Supreme Pontiff of the Universal Church. On behalf of all our priests, religious and the Faithful, this Holy Episcopal Synod extends our fondest greetings and sentiments of filial affection and allegiance to Your Holiness.

At the very outset, in the name of the whole Syro-Malankara Catholics I raise my heart to God in deep felt gratitude for the most precious gift of Your Holiness to the Church and to the world, for your spiritual leadership to the Church and for your moral leadership to the world, which is extremely crucial both for the Church and for the world today.

The Syro-Malankara Catholic Church remains ever grateful to Your Holiness for the most generous patronage and constant support extended to us in our attempt to safeguard and live our precious Apostolic tradition, to bear Christian witness through our commitment to the Gospel values, to grow in our service of ‘Diakonia’ to the world and to flourish in Catholic communion. As an apostolic Church, founded by St. Thomas the Apostle and fully living the Catholic communion under the most inspiring leadership of Your Holiness, we are privileged to experience all the ecclesial and spiritual goodness of a Major Archiepiscopal Church *sui iuris.* I take this opportunity to express our deepest indebtedness to the Holy See for vesting this ancient and apostolic ecclesial community with the status of a Major Archiepiscopal Church within the Catholic communion. We sincerely appreciate all the support that Your Holiness and the Holy See provide us in living faithfully this special ecclesial vocation that we have in the Church and in the world.

We are humbly aware of the various dimensions of our ecclesial identity

that we are called to live and witness to. As an oriental Apostolic Church, we realize the specificity and centrality of our liturgical tradition in our ecclesial and social life. This tradition is the primary source of our spiritual life. Hence the importance of safeguarding it in its integrity and living it faithfully. As an Eastern Church fully living the Catholic communion, we are constantly reminded of our special call to bear witness to the values of our Eastern ecclesial tradition and to the beauty and goodness of our universal communion. This invites us to be in continuous and constructive dialogue with our Eastern Christian brothers and sisters who have not yet been privileged to experience the grace of this communion. Thus ecumenism is one of our major ecclesial concerns. At this juncture, we would like to express our deep appreciation for the Apostolic Constitution *Anglicanorum coetibus*. This Apostolic Constitution clearly manifested the profundity of the ecclesial vision of Your Holiness and the sincerity with which Your Holiness strive for Church unity. This came as a reaffirmation of and encouragement to our own attempts at Church unity for the last eight decades.

The socio-religious background in which we are called to fulfill our ecclesial and Christian mission is also very important. We are constantly exposed to, challenged and enriched by a multi-religious, multi- cultural context. The ancient cultures and religions amidst which we live have many things to enrich our own faith and spirituality. So also, there are elements in these cultures and religions which need to be made whole with the healing touch of the Gospels and the values of our specific ecclesial tradition. Therefore presenting the beauty of the Gospel message to these our brothers and sisters with the experiential richness of our personal ecclesial tradition is an equally important concern for us. Hence we are impelled to be in constant dialogue with the various religions and cultures around us. This makes it necessary that our missionary possibilities are not limited by any geographical boundaries in India. The Syro-Malankara Catholic Church, from its very inception has always been deeply conscious of its missionary vocation, thanks to the inspiring example given by the Servant of God Archbishop Mar Ivanios in his commitment to the mission *Ad Gentes*. As the whole Syro-Malankara Catholic Church is preparing seriously these days in prayer, study and reflection for the first ever Assembly of the Church to be held in September, we have happily chosen the topic ‘The Missionary Malankara Catholic Church’ as the special theme of the Assembly.

The dynamic growth of our Church has brought us beyond the boundaries of the Indian subcontinent. Today our ecclesial presence is very vibrant in the continents of America, Europe, Africa and also in the Gulf countries. This poses to us new ecclesial and missionary challenges. In the diverse, over-secularized and fast-changing cultures and value-systems that

we are surrounded by in these regions, we as a Church are called to bear witness to the perennial values of the Gospels and of our ecclesial tradition. We are called to instill in these cultures a fundamental God-orientedness, to uphold the sanctity of the family, etc. - values that are very specific to the culture that we have inherited.

As a believing community gathered and sustained by the love of Christ, we are deeply aware of our special mission to our brothers and sisters who are less privileged than we are, who are the sad victims of poverty, violence, solitude, discrimination, etc.. The challenge of Christian charity impels us to be positively sensitive to them and to do all that is within our resources to allow them to live in the dignity of the Children of God.

In this context, the Holy Episcopal Synod of the Syro-Malankara Catholic Major Archiepiscopal Church humbly requests Your Holiness to take personal care in solving the issue of All India Jurisdiction for the Oriental Catholic Churches in India. It would bring in a new atmosphere of proper Catholic communion in the entire nation and enhance the work of evangelization in the sub-continent. Our Holy Episcopal Synod also requests Your Holiness to visit our mother country India. It will be greatly appreciated by all those who seek God in our country.

We are deeply grateful to Your Holiness for all the support and blessings that Your Holiness so generously grant us in order to fulfill our Apostolates. Let me conclude with the earnest prayer of the Syro-Malankara Catholic Church that the Lord may continue to bless Your Holiness with good health and all His special graces so that Your Holiness may continue to exercise this most important mission for the good of the Church and of the people all over the world. May the ministry of Your Holiness continue to be a powerful means to ensure the world peace and unity and to strengthen the faith of the people. The Syro-Malankara Catholic Church humbly implores Your Holiness' paternal blessings and valuable prayers. We thank Your Holiness sincerely for this gracious audience and we express our unfailing loyalty and fidelity to Your Holiness.

Humbly Yours in Our Lord,

✠ **Baselios Cleemis**
Major Archbishop of the Syro-Malankara
Catholic Major Archiepiscopal Church

Vatican
25 March, 2011
Feast of the Annunciation

**ആദ്‌ലിമിനാ സന്ദർശനത്തോടനുബന്ധിച്ച്, 2011 മാർച്ച് 25-ാം തീയതി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പയെ അഭിസംബോധനചെയ്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നടത്തിയ പ്രസംഗം**

പരിശുദ്ധ പിതാവേ,

പരിശുദ്ധ സുന്നഹദോസ് നിലവിൽ വന്നതിനുശേഷം, സുന്നഹദോസായി ക്രിസ്തുവിന്റെ വികാരിയും സാർവത്രികസഭയുടെ പരമാചാര്യനോടപ്പമായിരിക്കുന്ന ഈ നിമിഷങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ നാളിതുവരെയുള്ള ചരിത്രത്തിലെ ഏറ്റവും സന്തോഷപ്രദവും അഭിമാനകരവുമായ നിമിഷങ്ങളായി കരുതുന്നു. ഞങ്ങളുടെ എല്ലാ ബഹു. വൈദികരുടെയും, സന്യസ്തരുടെയും വിശ്വാസികളുടെയും പേരിൽ ഈ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സ്നേഹനിർഭരമായ ആശംസകളും പുത്രസഹജമായ സ്നേഹവും വിധേയത്വവും പരിശുദ്ധപിതാവിന് അർപ്പിക്കുന്നു.

ആരംഭത്തിൽ തന്നെ, സഭയുടെയും ഈ ലോകത്തിന്റെയും അമൂല്യ ദാനമായ പരിശുദ്ധ പിതാവിനെപ്രതിയും, വളരെ നിർണായകമായ ഈ കാലഘട്ടത്തിൽ സഭയ്ക്ക് അങ്ങ് നൽകുന്ന ആത്മീയ നേതൃത്വത്തെപ്രതിയും, ലോകത്തിനു അങ്ങ് നൽകുന്ന ധാർമ്മിക നേതൃത്വത്തെപ്രതിയും, മലങ്കര സുറിയാനി കത്തോലിക്കരുടെ നാമത്തിൽ ദൈവസന്നിധിയിലേക്ക് കൃതജ്ഞതാപൂർവം എന്റെ ഹൃദയം ഞാനുയർത്തുന്നു.

ഞങ്ങളുടെ അമൂല്യമായ അപ്പസ്തോലിക പാരമ്പര്യം സംരക്ഷിക്കാനും ജീവിക്കാനും, സുവിശേഷമൂല്യങ്ങളോടുള്ള സമർപ്പണത്തിലൂടെ ക്രിസ്തീയ സാക്ഷ്യം വഹിക്കാനും, ലോകത്തിൽ സ്നേഹത്തിന്റെ ശുശ്രൂഷയിൽ വളരാനും, കത്തോലിക്കാ കൂട്ടായ്മയിൽ വളരാനുമുള്ള ഞങ്ങളുടെ സംരംഭത്തിൽ പരിശുദ്ധ പിതാവ് നൽകുന്ന അതിശ്രേഷ്ഠമായ രക്ഷാകർതൃത്വത്തിനും നിരന്തരമായ സഹായത്തിനും മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നും കൃതജ്ഞതയുള്ളവളായിരിക്കും. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഒരു അപ്പസ്തോലിക സഭയായി, പരിശുദ്ധ പിതാവിന്റെ വലിയ പ്രചോദനാത്മകമായ നേതൃത്വത്തിൽ കത്തോലിക്കാ കൂട്ടായ്മ പൂർണമായി ജീവിക്കുമ്പോൾ, സ്വയംഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ സഭാത്മകവും ആദ്ധ്യാത്മികവുമായ എല്ലാ നന്മകളും അനുഭവിക്കാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ട്. പുരാതനവും അപ്പസ്തോലികവുമായ ഈ സഭാ സമൂഹത്തിന് കത്തോലിക്കാ കൂട്ടായ്മയിൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവി നൽകിയ പരി. സിംഹാസനത്തോടുള്ള ഞങ്ങളുടെ വലിയ കടപ്പാട് ഇത്ത

രുണത്തിൽ ഞാൻ അറിയിക്കുന്നു. ഈ ലോകത്തിലും സഭയിലും വിശ്വസ്തതയോടെ ഈ പ്രത്യേക വിളി ജീവിക്കുന്നതിൽ പരിശുദ്ധ പിതാവും പരി. സിംഹാസനവും നൽകുന്ന എല്ലാ സഹായത്തെയും ഞങ്ങൾ ആത്മാർത്ഥമായി വിലമതിക്കുന്നു.

ജീവിക്കാനും സാക്ഷ്യപ്പെടുത്താനുമായി വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങളുടെ സഭാ വ്യക്തിത്വത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് വിനയപൂർവം ഞങ്ങൾ ബോധ്യമുള്ളവരാണ്. പൗരസ്ത്യ അപ്പസ്തോലിക സഭ എന്ന നിലയിൽ, ഞങ്ങളുടെ സഭാപരവും സാമൂഹികവുമായ ജീവിതത്തിന്റെ തനിമയും കേന്ദ്രവും ആരാധനക്രമ പാരമ്പര്യങ്ങളാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഞങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രഥമ ഉറവിടം ഈ പാരമ്പര്യങ്ങളാണ്. ആയതിനാൽ ഇത് സമഗ്രതയിൽ സംരക്ഷിക്കുകയും വിശ്വസ്തതയോടെ ജീവിക്കുകയും വേണം. പൂർണമായ കത്തോലിക്കാ സംസർഗത്തിൽ ജീവിക്കുന്ന ഒരു പൗരസ്ത്യ സഭയെന്ന നിലയിൽ പൗരസ്ത്യ സഭാ പാരമ്പര്യത്തിന്റെ മൂല്യത്തിനും സാർവത്രിക കൂട്ടായ്മയുടെ സൗന്ദര്യത്തിനും നന്മയ്ക്കും സാക്ഷ്യം നൽകാനുമുള്ള ഞങ്ങളുടെ പ്രത്യേക വിളിയെക്കുറിച്ച് നിരന്തരം ഞങ്ങൾ ഓർമയുള്ളവരാണ്. ഈ കൂട്ടായ്മയുടെ കൃപ അനുഭവിക്കാനുള്ള ഭാഗ്യം ഇതുവരെ കിട്ടാതെ പോയ പൗരസ്ത്യ ക്രിസ്തീയ സഹോദരങ്ങളുമായി നിരന്തരവും ക്രിയാത്മകമായ സംവാദത്തിലേയ്ക്ക് ഇത് ഞങ്ങളെ ക്ഷണിക്കുന്നു. അങ്ങനെ, എക്യുമേനിസം ഞങ്ങളുടെ ഒരു പ്രധാന ശുശ്രൂഷയാകുന്നു. ഈ സന്ദർഭത്തിൽ, *Anglicanorum coetibus* എന്ന അപ്പസ്തോലിക ലേഖനത്തെക്കുറിച്ചുള്ള ഞങ്ങളുടെ ആഴമായ അഭിനന്ദനമറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പരിശുദ്ധ പിതാവിന്റെ സഭാ ദർശനത്തിന്റെ പ്രൗഢതയും സഭാ ഐക്യത്തിനുവേണ്ടിയുള്ള പരിശുദ്ധ പിതാവിന്റെ പരിശ്രമത്തിന്റെ ആത്മാർത്ഥതയും ഈ അപ്പസ്തോലിക ലേഖനം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു. കഴിഞ്ഞ 8 ദശകങ്ങളായി സഭാ ഐക്യത്തിനുവേണ്ടി ഞങ്ങൾ നടത്തിവരുന്ന പരിശ്രമങ്ങൾക്കുള്ള സ്ഥിരീകരണവും പ്രോത്സാഹനവുമായിട്ടാണ് ഇത് പ്രകാശിതമായത്.

സഭാപരവും ക്രിസ്തീയവുമായ ദൗത്യം നിർവഹിക്കാനായി ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന സാമൂഹിക-മതപരമായ പശ്ചാത്തലവും വളരെ പ്രധാനപ്പെട്ടതാണ്. വിവിധ മതങ്ങളും വിവിധ സംസ്ക്കാരങ്ങളും ചേർന്ന ഒരു സാഹചര്യത്തിലേയ്ക്ക് ഞങ്ങൾ നിരന്തരം തുറക്കപ്പെട്ടിരിക്കുന്നത് ഒരു വെല്ലുവിളിയും, അതേസമയം സമ്പന്നമാകാനുള്ള സാധ്യതയുമാണ്. ഞങ്ങളുടെ വിശ്വാസത്തെയും ആദ്ധ്യാത്മികതയെയും സമ്പന്നമാക്കാനുള്ള ധാരാളം കാര്യങ്ങൾ ഞങ്ങൾ ജീവിക്കുന്ന ഈ പ്രദേശങ്ങളിലെ പുരാതനമായ സംസ്ക്കാരങ്ങളിലും മതങ്ങളിലും ഉണ്ട്. അതുപോലെ, സുവിശേഷങ്ങളുടെയും ഞങ്ങളുടെ പ്രത്യേകസഭാ പാരമ്പര്യങ്ങളുടെ മൂല്യങ്ങളുടെയും സൗഖ്യദായകമായ സ്പർശനത്തിലൂടെ പൂർണമാക്കപ്പെടേണ്ട ഘടകങ്ങൾ ഈ സംസ്ക്കാരങ്ങളിലും മതങ്ങളിലുമുണ്ട്. ആയതിനാൽ, ഈ സഹോദരീ-സഹോദരന്മാരോട്, ഞങ്ങളുടെ വ്യക്തിപരമായ സഭാ പാരമ്പര്യങ്ങളുടെ അനുഭവവേദ്യമായ സമ്പന്നതയോടെ സുവിശേഷ സന്ദേശങ്ങളുടെ സൗന്ദര്യം അവതരിപ്പിക്കുന്നതും ഒരുപോലെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. തന്മൂലം, ഞങ്ങളുടെ ചുറ്റുമുള്ള വിവിധ മതങ്ങളുമായും സംസ്ക്കാരങ്ങളുമായും സ്ഥിരമായ സംവാ

ദത്തിലേർപ്പെടാൻ ഞങ്ങൾ നിർബന്ധിതരാണ്. ഇത്, ഞങ്ങളുടെ പ്രേഷിത സാധ്യതകൾ ഭാരതത്തിനകത്തെ ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളിൽ പരിമിതപ്പെടുത്തേണ്ടതല്ലെന്നതിനെ അത്യാവശ്യമാക്കി തീർക്കുന്നു. വിജാതീയരോടു സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണത്തിൽ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് നൽകിയ പ്രചോദനാത്മകമായ മാതൃക കൃതജ്ഞതയോടെ ഓർത്തുകൊണ്ട്, മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ ഉത്ഭവംമുതൽ അതിന്റെ പ്രേഷിത വിളിയെക്കുറിച്ച് ആഴത്തിൽ ബോധ്യമുള്ളവളാണ്. സെപ്തംബറിൽ നടക്കുന്ന പ്രഥമ സഭാഅസംബ്ലിക്കുവേണ്ടി മലങ്കര സുറിയാനി കത്തോലിക്കാസഭ ഈ ദിവസങ്ങളിൽ ഒരുമിച്ച് പ്രാർത്ഥനയിലും പഠനത്തിലും ധ്യാനത്തിലുമായി ഗൗരവമായി തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ, സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന തലക്കെട്ടിൽ അസംബ്ലിയുടെ പ്രത്യേക വിഷയം ഞങ്ങൾ സന്തോഷപൂർവം തെരഞ്ഞെടുത്തു.

ഞങ്ങളുടെ സഭയുടെ ഊർജ്ജസ്വലമായ വളർച്ച ഇൻഡ്യൻ ഉപഭൂഖണ്ഡത്തിന്റെ അതിർത്തികൾക്കപ്പുറത്തേയ്ക്ക് ഞങ്ങളെ എത്തിച്ചു. ഇന്ന് ഞങ്ങളുടെ സഭാ സാന്നിദ്ധ്യം അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലും അതുപോലെ ഗൾഫ് രാജ്യങ്ങളിലും സജീവമായി നിലകൊള്ളുന്നു. ഇത് സഭാപരവും പ്രേഷിതപ്രവർത്തനപരവുമായ പുതിയ വെല്ലുവിളികൾ ഞങ്ങളുടെ നേരെ ഉയർത്തുന്നു. ഈ പ്രദേശത്ത്, വൈവിധ്യങ്ങളിൽ, ഭൗതീകതയുടെ അതിപ്രസരണത്തിനും അതിവേഗ മാറ്റത്തിനും വിധേയമാകുന്ന സംസ്ക്കാരങ്ങളാലും മൂല്യവ്യവസ്ഥിതികളാലും ചുറ്റപ്പെട്ടിരിക്കുന്ന ഞങ്ങൾ, ഒരു സഭയായി, സനാതനമായ സുവിശേഷ മൂല്യങ്ങൾക്കും ഞങ്ങളുടെ സഭാപരമായ പാരമ്പര്യങ്ങൾക്കും സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ സംസ്ക്കാരങ്ങളിലേയ്ക്ക് അടിസ്ഥാനപരമായ ദൈവോന്മുഖത സന്നിവേശിപ്പിക്കാനും, കുടുംബജീവിതത്തിന്റെ വിശുദ്ധി, ഞങ്ങൾ സ്വായത്തമാക്കിയ സംസ്ക്കാരങ്ങളുടെ പ്രത്യേകമായ മൂല്യങ്ങൾ മുതലായവ ഉയർത്തിപ്പിടിക്കാനും ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തുസ്നേഹത്താൽ ഒന്നിച്ചുകൂട്ടപ്പെട്ടതും നിലനിൽക്കുന്നതുമായ ഒരു വിശ്വാസകൂട്ടായ്മ എന്ന നിലയിൽ, ഞങ്ങളെക്കാൾ പരിഗണന ലഭിക്കാതെ പോയവരും ദാരിദ്ര്യം, അക്രമം, ഒറ്റപ്പെടൽ, വിവേചനം എന്നിവയുടെ ഇരകളുമായ ഞങ്ങളുടെ സഹോദരീ-സഹോദരന്മാരോടുള്ള ഞങ്ങളുടെ പ്രത്യേക ദൗത്യത്തെക്കുറിച്ച് ആഴമായ ബോദ്ധ്യം ഞങ്ങൾക്കുണ്ട്. ക്രിസ്തീയ ഉപവിയുടെ വെല്ലുവിളികൾ, ദൈവമക്കളുടെ അന്തസ്സോടെ ജീവിക്കാൻ, ഞങ്ങൾക്ക് ലഭ്യമായ വിഭവങ്ങളിൽ നിന്നുകൊണ്ട്, അവരെ സഹായിക്കുന്നതരത്തിൽ അവരോട് ക്രിയാത്മകമായി പ്രതികരിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നു. ചുരുക്കത്തിൽ, ഞങ്ങൾ ജീവിക്കുന്ന ഈ ലോകത്തിൽ പൂർത്തീകരിക്കാൻ ഒരു പ്രത്യേകമായ ദൗത്യം - ഞങ്ങൾക്കുമാത്രം പൂർത്തീകരിക്കാൻ സാധിക്കുന്ന ഒരു ദൗത്യം - മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുണ്ടെന്ന് ഞങ്ങൾക്ക് ആഴമായ ബോധ്യമുണ്ട്.

ഈ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ പൗരസ്ത്യ കത്തോലിക്കാ സഭകൾക്ക് "ആകമാന ഭാരതത്തിൽ ഭരണാവകാശം" എന്ന വിഷയം പരിഹരിക്കാൻ വ്യക്തി

പരമായ താൽപര്യം എടുക്കാൻ പരിശുദ്ധ പിതാവിനോട്, മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിനീതമായി അഭ്യർത്ഥിക്കുന്നു. ഇത് കൃത്യമായ കത്തോലിക്കാ കൂട്ടായ്മയുടെ ഒരു പുതിയ സാഹചര്യം രാജ്യത്താകമാനം ഉണ്ടാക്കാനും ഈ ഉപഭൂഖണ്ഡത്തിൽ പ്രേഷിത പ്രവർത്തികൾ വർദ്ധിപ്പിക്കാനും ഇടയാക്കും. പരിശുദ്ധ പിതാവ് ഞങ്ങളുടെ മാതൃരാജ്യം സന്ദർശിക്കാൻ ഞങ്ങളുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അപേക്ഷിക്കുന്നു. ഈ സന്ദർശനം ഞങ്ങളുടെ രാജ്യത്തിലെ ദൈവാന്വേഷകരായ എല്ലാവരാലും വലുതായി പ്രശംസിക്കപ്പെടും.

ഞങ്ങളുടെ പ്രേഷിത ശുശ്രൂഷകൾ പൂർത്തീകരിക്കാൻ പരിശുദ്ധ പിതാവ് ഔദാര്യപൂർവം ഞങ്ങൾക്കു നൽകുന്ന എല്ലാ സഹായത്തിനും അനുഗ്രഹങ്ങൾക്കും പരിശുദ്ധ പിതാവിനോട് ഞങ്ങൾ ആഴത്തിൽ കടപ്പെട്ടിരിക്കുന്നു. സഭയുടെയും ലോകം ആസകലമുള്ള ജനത്തിന്റെയും നന്മയ്ക്കുവേണ്ടിയുള്ള വളരെ പ്രധാനപ്പെട്ട ദൗത്യം പരിശുദ്ധ പിതാവ് തുടർന്നും നിർവഹിക്കാൻ നല്ല ആരോഗ്യവും ദൈവത്തിന്റെ പ്രത്യേക കൃപകളും പരിശുദ്ധ പിതാവിന് നൽകി കർത്താവ് തുടർന്നും അനുഗ്രഹിക്കട്ടെയെന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മാർത്ഥമായ പ്രാർത്ഥനയോടെ ഞാൻ സംഗ്രഹിക്കട്ടെ. ലോകസമാധാനവും ഐക്യവും ഉറപ്പാക്കാനും ജനത്തിന്റെ വിശ്വാസത്തെ ശക്തിപ്പെടുത്താനുമുള്ള ഒരു ശക്തമായ മാധ്യമമായി പരിശുദ്ധ പിതാവിന്റെ ശുശ്രൂഷകൾ തീരട്ടെ. പരിശുദ്ധ പിതാവിന്റെ പൈതൃകമായ അനുഗ്രഹങ്ങളും വിലയേറിയ പ്രാർത്ഥനയും മലങ്കര സുറിയാനി കത്തോലിക്കാ സഭ അഭ്യർത്ഥിക്കുന്നു. ഔദാര്യത്തോടെയുള്ള ഈ കൂടിക്കാഴ്ചയ്ക്ക് പരിശുദ്ധ പിതാവിനോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുകയും പരിശുദ്ധ പിതാവിനോടുള്ള അക്ഷയമായ വിധേയത്വവും വിശ്വസ്തതയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.

കർത്താവിൽ വിനീതമായി,

(ഒപ്പ്)
**✠ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി
എപ്പിസ്ക്കോപ്പൽ സഭയുടെ മേജർ ആർച്ചുബിഷപ്പ്

വത്തിക്കാൻ
25 മാർച്ച്, 2011
വചനിപ്പുത്തിരുന്നാൾ

# Address of His Holiness Pope Benedict XVI during the *Ad Limina* Visit of the Syro-Malankara Catholic Bishops on March 25, 2011

Dear Brother Bishops,

I welcome all of you here today on the occasion of your pilgrimage *ad Limina Apostolorum*. I thank His Beatitude Baselios Cleemis for the devoted sentiments which he has addressed to me in your name. Through you, I extend greetings to all the priests, religious and lay faithful of your eparchies, and I wish to assure them of my prayers for their spiritual and material well-being. This time together is a privileged occasion to deepen the bonds of fraternity and communion between the See of Peter and the Syro-Malankara Church, happily promoted to Major Archiepiscopal Church by the Venerable John Paul II in 2005.

The apostolic traditions which you maintain enjoy their full spiritual fruitfulness when they are lived in union with the Church universal. In this sense, you rightly follow in the footsteps of the Servant of God Mar Ivanios, who led your predecessors and their faithful into full communion with the Catholic Church. Like your forefathers, you too are called, within the one household of God, to continue in firm fidelity to that which has been passed down to you. All Catholic Bishops share a proper concern for faithfulness to Jesus Christ and are desirous of that unity which he willed for his disciples (cf. *Jn* 17:11), while preserving their legitimate diversity. So it is that "the Catholic Church wishes the traditions of each particular Church or rite to remain whole and entire, and she likewise wishes to adapt her own way of life to the various

needs of time and place" (*Orientalium Ecclesiarum*, 2). Each generation must confront the challenges to the Church in accordance with its capacities and in harmony with the rest of the Mystical Body of Christ. I encourage you, therefore, to foster an affection among your priests and people for the liturgical and spiritual heritage that has come down to you, while steadfastly building upon your communion with the See of Peter.

The deposit of faith handed down from the Apostles and faithfully transmitted to our times is a precious gift from the Lord. It is that message of salvation which has been revealed in the person of Jesus whose Spirit unites believers of every time and place, giving us fellowship with the Father and with his Son so that our joy may be complete (cf. *1 Jn* 1:1-4). You and your priests are called to promote this fellowship through word and sacrament, and to strengthen it by a sound catechesis, so that the Word of Life, Jesus Christ, and the gift of divine life - communion with him - may be known throughout the world (cf. *Verbum Domini*, 2). Due to its ancient roots and distinguished history, Christianity in India has long made its proper contribution to culture and society, and to its religious and spiritual expressions. It is through a determination to live the Gospel, "the power of God for salvation to every one who has faith" (*Rom* 1:16), that those whom you serve will make a more effective contribution to the entire body of Christ and to Indian society, to the benefit of all. May your people continue to flourish by the preaching of God's word and by the promotion of a fellowship based on the love of God.

I note the particular challenges to many of your parishes in providing proper pastoral care and mutual support, especially when there is not always a parish priest at hand. And yet, smaller parishes, bearing in mind the social reality Christians face in the broader cultural context, present their own opportunities for truly fraternal upbuilding and assistance. Small Christian communities

have often, as you know, given outstanding witness in the history of the Church. Just as in apostolic times, the Church in our age will surely thrive in the presence of the living Christ, who has promised to be with us always (cf. *Mt* 28:20) and to sustain us (cf. *1 Cor* 1:8). It is this divine presence which must remain at the centre of your people's life, faith and witness, and which you their Pastors are called to watch over so that, even if they must live far from their community, they will not live far from Christ. Indeed, it is important to remember that Christian communities are "the proper setting where a personal and communal journey based on the word of God can occur and truly serve as the basis for our spiritual life" (*Verbum Domini*, 72).

One of the ways in which you exercise your role as teachers of the faith to the Christian community is through the catechetical and faith formation programmes taking place under your direction. Since "instruction should be based on holy scripture, tradition, liturgy, and on the teaching authority and life of the Church" (*Christus Dominus*, 14), I am pleased to note the variety and number of programmes that you currently employ. Along with the celebration of the sacraments, such programmes will help ensure that those in your care will always be able to give an account of the hope which is theirs in Christ. Indeed, catecheais and spiritual development are among the most important challenges which pastors of souls face, and so I warmly encourage you to persevere along the path you have chosen as you seek to form your people in a deeper knowledge and love of the faith, aided by God's grace and by your humble trust in his providence.

With these thoughts, I renew my sentiments of fraternal affection and esteem for you. Invoking the intercession of Saint Thomas the Apostle, India's great patron, I assure you of my prayers and willingly impart to you and to those entrusted to your care my Apostolic Blessing as a pledge of grace and peace in the Lord Jesus Christ.

From the Vatican, 25 March 2011

Benedictus PP XVI

## *അദ് ലിമിനാ അപ്പോസ്തൊലോരും* സന്ദർശനത്തിന് വത്തിക്കാനിലെത്തിയ മലങ്കര സുറിയാനി കത്തോലിക്കാസഭാ മെത്രാന്മാരെ അഭിസംബോധന ചെയ്ത് 2011 മാർച്ച് 25-ാം തീയതി പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ നടത്തിയ പ്രസംഗം

പ്രിയ സഹോദരമെത്രാന്മാരേ,

ഇന്ന്, നിങ്ങളുടെ '*അദ് ലിമിനാ അപ്പോസ്തൊലോരും*' തീർത്ഥാടനവേളയിൽ, ഞാൻ നിങ്ങളെ ഏവരെയും ഇവിടേക്ക് സ്വാഗതം ചെയ്യുന്നു. അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് നിങ്ങളുടെ പേരിൽ പ്രകടിപ്പിച്ച വികാരവായ്പ്പുകൾക്ക് ഞാൻ അദ്ദേഹത്തിന് നന്ദി പറയുന്നു. നിങ്ങളുടെ ഭദ്രാസനങ്ങളിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും അല്മായ വിശ്വാസികൾക്കും, നിങ്ങളിൽകൂടി, എന്റെ അഭിവന്ദനങ്ങൾ നേരുന്നു; അവരുടെ ആത്മീയവും ഭൗതീകവുമായ സുസ്ഥിതിക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളുടെ ഉറപ്പ് നൽകാനും ഞാനാഗ്രഹിക്കുന്നു. 2005-ൽ, ധന്യനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ സന്തോഷപൂർവം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തിയ മലങ്കര സുറിയാനി സഭയും പത്രോസിന്റെ സിംഹാസനവും തമ്മിലുള്ള സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ശൃംഖലകൾ സുദൃഢമാക്കാൻ പര്യാപ്തമായ സവിശേഷ സന്ദർഭമാണ് നമ്മുടെ ഈ ഒത്തുചേരൽ മുഹൂർത്തം.

സാർവത്രികസഭയോടുള്ള ഐക്യത്തിൽ ജീവിച്ചുപ്രകാശിപ്പിക്കുമ്പോൾ മാത്രമാണ് നിങ്ങൾ കാത്തുസൂക്ഷിക്കുന്ന ശ്ലൈഹിക പാരമ്പര്യങ്ങൾ, അവയുടെ സമ്പൂർണ ഫലസംദായകത്വം അനുഭവിച്ചറിയുന്നത്. ഈ ബോദ്ധ്യത്തിൽ, ദൈവദാസനായ മാർ ഈവാനിയോസിന്റെ കാല്പാടുകൾ നിങ്ങൾ സസൂക്ഷ്മം അനുധാവനം ചെയ്യുന്നു; കത്തോലിക്കാസഭയുമായുള്ള സമ്പൂർണ ഐക്യത്തിലേയ്ക്ക് നിങ്ങളുടെ മുൻഗാമികളെയും അവരുടെ വിശ്വാസികളെയും ആനയിച്ചത് അദ്ദേഹമാണ്. നിങ്ങളുടെ പിതാമഹന്മാരെപ്പോലെ, നിങ്ങളും ഏകദൈവിക കുടുംബത്തിലേയ്ക്ക് വിളിക്കപ്പെട്ടവരാണ്; നിങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സുസ്ഥിരവിശ്വാസ്യതയിൽ നിലനിൽക്കാൻ ക്ഷണിക്കപ്പെട്ടവരാണ്. യേശുക്രിസ്തു, അവിടുത്തെ ശിഷ്യന്മാർക്കുവേണ്ടി അഭിലഷിച്ച (cf യോഹ 17:11) അതേ ഐക്യത്തിനുവേണ്ടി ദാഹിക്കുകയും അവിടുത്തോടുള്ള വിശ്വസ്തതയോട് ശരിയായ കൂറ് പുലർത്തുന്നതിൽ പങ്കാളികളാകുകയും ചെയ്യുന്നവരാണ് എല്ലാ കത്തോലിക്കാമെത്രാന്മാരും. അതോടൊപ്പം അവർ തങ്ങളുടെ യുക്തിയുക്തമായ വൈവിധ്യം കാത്തുസംരക്ഷിക്കുകയും ചെയ്യുന്നു. അതിൻപടി "ഓരോ വ്യക്തിഗതസഭയുടെ അഥവാ റീത്തിന്റെ പാരമ്പര്യങ്ങൾ സമഗ്രവും സമ്പൂർണവുമാക്കി നിലനിർത്താനും അങ്ങനെ കാലത്തിന്റെയും സ്ഥലത്തിന്റെയും വിവിധ ആവശ്യങ്ങളോട് അവളുടെതന്നെ ജീവി

തരീതിയെ താദാത്മ്യപ്പെടുത്താനും കത്തോലിക്കാസഭ ആഗ്രഹിക്കുന്നു" ('പൗര സ്ത്യസഭകൾ', നം. 2). ഓരോ തലമുറയും അതിന്റെ പ്രാപ്തിക്കനുസൃതമായി ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ഇതര അവയവങ്ങളോട് യോജിച്ചുകൊണ്ട് സഭയ്ക്കുനേരെ ഉയരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കണം. അപ്രകാരം, പത്രോസിന്റെ സിംഹാസനത്തോടുള്ള ഐക്യം ദൃഢചിത്തതയോടെ കെട്ടിപടുക്കുന്നവേളയിൽ നിങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ആരാധനാക്രമത്തിന്റെയും ആത്മീയതയുടെയും പൈതൃകത്തോടുള്ള അടുപ്പം നിങ്ങളുടെ വൈദികരുടെയും ജനത്തിന്റെയുമിടയിൽ ഊട്ടിവളർത്തുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ശ്ലീഹന്മാരിൽനിന്ന് അവകാശമായി ലഭിച്ചതും സമീപകാലങ്ങളിലേയ്ക്ക് വിശ്വസ്തതയോടെ വിനിമയം ചെയ്യപ്പെട്ടതുമായ വിശ്വാസത്തിന്റെ നിക്ഷേപം കർത്താവിൽനിന്നു കിട്ടിയ ഒരമൂല്യദാനമാണ്. യേശു എന്ന വ്യക്തിയിൽ വെളിവാക്കപ്പെട്ട രക്ഷയുടെ സന്ദേശമാണത്. ഓരോ കാലത്തിലെയും സ്ഥലത്തെയും വിശ്വാസികളെ ഐക്യപ്പെടുത്തുന്നത് അവിടുത്തെ ആത്മാവാണ്. പിതാവിനോടും അവിടുത്തെ പുത്രനോടും നമുക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനും അങ്ങനെ നമ്മുടെ സന്തോഷം പൂർണമാകേണ്ടതിനും വേണ്ടിയാണിത് (cf യോഹ 1:1-4). വചനവും കൂദാശയും വഴി ഈ കൂട്ടായ്മയെ അഭിവൃദ്ധിപ്പെടുത്തുവാനും ശരിയായ പ്രബോധനത്തിൽകൂടി ഇതിനെ പ്രബലപ്പെടുത്തുവാനും നിയോഗിക്കപ്പെട്ടവരാണ് നിങ്ങളും നിങ്ങളുടെ വൈദികരും; അപ്രകാരം യേശുക്രിസ്തു എന്ന ജീവന്റെ വചനവും ദൈവികജീവന്റെ ദാനവും അവിടുത്തോട് കൂട്ടായുള്ള സംസർഗവും ലോകമെമ്പാടും അറിയപ്പെടട്ടെ! (cf കർത്താവിന്റെ വചനം, നം. 2). ഇന്ത്യയിലെ ക്രിസ്തുമതം, അതിന്റെ തായ്‌വേരുകളും സമുന്നത ചരിത്രവുംവഴിയായി സംസ്ക്കാരത്തിനും സമൂഹത്തിനും മതാധിഷ്ഠിത ആദ്ധ്യാത്മിക ഭാവാവിഷ്ക്കാരങ്ങൾക്കും ഉചിതമായ സംഭാവനകൾ ദീർഘകാലമായി നൽകിക്കൊണ്ടിരിക്കുന്നു. "വിശ്വസിക്കുന്ന ഏവരേയും രക്ഷയിലേയ്ക്ക് നയിക്കുന്ന ദൈവശക്തി"യായ (റോമാ 1:16) സുവിശേഷം ജീവിക്കാനുള്ള നിശ്ചയദാർഢ്യത്തിൽകൂടി, എല്ലാവരുടെയും നന്മയ്ക്കുതകുന്നവിധം നിങ്ങളുടെ ശുശ്രൂഷ ഏറ്റുവാങ്ങുന്നവർ ക്രിസ്തുവിന്റെ കൂട്ടായ്മയിലെ അംഗങ്ങൾക്കും ഇന്ത്യൻസമൂഹത്തിനും കൂടുതൽ ഫലപ്രദമായ സംഭാവനകൾ നൽകും. ദൈവവചനപ്രഘോഷണവും ദൈവസ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയുടെ പരിപോഷണവുംവഴി നിങ്ങളുടെ ജനത ഊർജസ്വലരായി തുടർന്നും വർത്തിക്കട്ടെ!

വിശിഷ്യാ, ഒരു ഇടവക വികാരിയുടെ സാമീപ്യം സദാ ഇല്ലാതെ വരുമ്പോൾ വേണ്ടത്ര അജപാലനശ്രദ്ധയും പരസ്പരസഹായവും പ്രദാനം ചെയ്യാനുള്ള തത്രപ്പാടിൽ നിങ്ങളുടെ പല ഇടവകകൾക്കും നേരെ ഉയരുന്ന പ്രത്യേക വെല്ലുവിളികളെ ഞാൻ സശ്രദ്ധം വീക്ഷിക്കുന്നു. എന്നിരുന്നാൽത്തന്നെയും, വിപുലമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന സാമൂഹിക യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് തികച്ചും സാഹോദര്യത്തിലൂന്നിയ സൗധം കെട്ടിപടുക്കാനും അതിന് തുണയേകാനുംവേണ്ടി തങ്ങളുടേതായ അവസരങ്ങൾ അവർ ഒരുക്കുന്നു. സഭയുടെ ചരിത്രത്തിൽ ചെറിയ ക്രൈസ്തവസമൂഹങ്ങൾ, മിക്കവാറും നിങ്ങൾക്കറിവുള്ളതുപോലെ, ശ്രദ്ധേയമായ സാക്ഷ്യമാണ് നൽകിയിരിക്കുന്നത്. ശ്ലൈഹിക കാലങ്ങളിലെന്നതുപോലെ, നമ്മുടെ കാലത്തെ സഭയും ജീവിക്കുന്ന ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ തീർച്ചയായും പുഷ്ടിപ്രാപിക്കും. യുഗാന്തംവരെ

എന്നും നമ്മളോടുകൂടി ഉണ്ടായിരിക്കും എന്ന് വാഗ്ദാനം ചെയ്ത ജീവിക്കുന്ന ക്രിസ്തുവാണ് അവിടുന്ന് (cf മത്താ 28:20). അവസാനം വരെ അവിടുന്ന് നമ്മളെ പരിപാലിക്കുകയും ചെയ്യും (cf 1 കോറി 1:8). നിങ്ങളുടെ ജനങ്ങളുടെ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കേണ്ട ഒന്നാണീ ദൈവികസാന്നിദ്ധ്യം. അവരുടെ ഇടയന്മാരായ നിങ്ങൾ അതിൽ ജാഗ്രത പാലിക്കുവാൻ നിയുക്തരായവർ ആണ്. അതിൻപ്രകാരം, നിങ്ങളുടെ ജനങ്ങൾ തങ്ങളുടെ സമൂഹത്തിൽനിന്ന് അകന്ന് ജീവിക്കേണ്ടിവന്നാലും ക്രിസ്തുവിൽനിന്ന് അവർ അകലാൻ പാടില്ല. തീർച്ചയായും, "നമ്മുടെ ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനമായി സംഭവിക്കുകയും സത്യത്തിൽ അങ്ങനെ ഉപകരിക്കുകയും ചെയ്യുന്ന ദൈവവചനത്തിലധിഷ്ഠിതമായി വ്യക്തിപരവും കൂട്ടായ്മാപരവുമായ പ്രയാണത്തിന് അനുയോജ്യമായ പശ്ചാത്തലമാണ്" (കർത്താവിന്റെ വചനം, നം. 72) ക്രൈസ്തവസമൂഹങ്ങൾ എന്ന് സ്മരിക്കുന്നത് പ്രാധാന്യമർഹിക്കുന്നു.

ക്രൈസ്തവസമൂഹങ്ങളുടെ വിശ്വാസപ്രബോധകന്മാർ എന്ന നിങ്ങളുടെ ദൗത്യം നിർവഹിക്കാനുള്ള മാർഗങ്ങളിലൊന്ന് നിങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മതബോധനവിശ്വാസരൂപീകരണ പരിപാടികൾ മുഖേനയുള്ളതാണ്. എന്തെന്നാൽ, അത് "വിശുദ്ധ ലിഖിതത്തിലും പാരമ്പര്യത്തിലും ആരാധനക്രമത്തിലും സഭയുടെ പ്രബോധനാധികാരം, ജീവിതം എന്നിവയിലും അടിസ്ഥാനമിട്ട പഠനമായിരിക്കണം" (മെത്രാന്മാരുടെ അജപാലനം, നം. 14). ഈയടുത്തകാലത്തായി നിങ്ങൾ നടപ്പിൽ വരുത്തുന്ന പരിപാടികളുടെ വൈവിദ്ധ്യവും ബാഹുല്യവും കണ്ട് ഞാൻ സന്തോഷിക്കുന്നു. കൂദാശകൾ പരികർമ്മം ചെയ്യുന്നതോടൊപ്പം നിങ്ങളുടെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ടവരിൽ, എല്ലായ്പ്പോഴും ക്രിസ്തുവിൽ അവർക്കുള്ള പ്രത്യാശയെക്കുറിച്ച് അവർക്ക് മതിപ്പുളവാക്കാൻ ഇത്തരം പരിപാടികൾ ഉപകരിക്കും. വാസ്തവത്തിൽ, മതബോധനവും ആദ്ധ്യാത്മിക വളർച്ചയും ആത്മപാലകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ മുഖ്യമായവയാണ്. ആയതിനാൽ, നിങ്ങൾ തിരഞ്ഞെടുത്ത പാതയിലൂടെ അശ്രാന്തം പരിശ്രമിച്ച് മുന്നേറുവാനും അതുപോലെതന്നെ ദൈവകൃപയിലും ദിവ്യപരിപാലനത്തിലുള്ള നിങ്ങളുടെ എളിയ ശരണത്തിലും സഹായംതേടികൊണ്ട് വിശ്വാസത്തിന്റെ ആഴമേറിയ അറിവിലും സ്നേഹത്തിലും നിങ്ങളുടെ ജനതയെ രൂപപ്പെടുത്താനുള്ള മാർഗങ്ങളും അന്വേഷിച്ച് കണ്ടെത്തുവാനും ഞാൻ നിങ്ങളെ തീക്ഷ്ണമായി പ്രോത്സാഹിപ്പിക്കുന്നു.

ഇത്തരം വിചിന്തനങ്ങളോട് ചേർന്ന് നിങ്ങളോട് എനിക്കുള്ള സഹോദരസ്നേഹത്തിന്റെയും ആദരവിന്റെയും മനോവികാരങ്ങൾ നവീകരിക്കുന്നു. ഭാരതത്തിന്റെ ശ്രേഷ്ഠപാലകനായ വി. തോമാശ്ലീഹായുടെ മദ്ധ്യസ്ഥം യാചിക്കുകയും എന്റെ പ്രാർത്ഥനകളുടെ ഉറപ്പ് നിങ്ങൾക്ക് നൽകുകയും ചെയ്യുന്നു. നിങ്ങൾക്കും നിങ്ങളുടെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്നവർക്കും സ്നേഹപൂർവം ശ്ലൈഹികാശീർവാദവും നേരുന്നു; കർത്താവായ യേശുക്രിസ്തുവിലുള്ള കൃപയുടെയും സമാധാനത്തിന്റെയും വാഗ്ദാനവുമായി ഇത് ഭവിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 25 മാർച്ച് 2011

- ബനഡിക്ട് പതിനാറാമൻ

(മലയാള പരിഭാഷാ കടപ്പാട് : ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 4, ലക്കം 6)

## Address of His Eminence Leonardo Cardinal Sandri, Prefect of the Congregationfor the Oriental Churches during the *Ad Limina* Visit of the Syro-Malankara Catholic Bishops on 22 March 2011

Your Beatitude, Your Excellencies,

It is a joy and an honour for me to receive you at this congregation on the occasion of your Ad Limina visit to the Holy See. I wish to acknowledge; too, that this is the first Ad Limina visit of the Malankara hierarchy since the elevation of your church to Major Archiepiscopal status on February 10, 2005. Your presence is a symbol of a growth and development which are so striking and so significant that the universal Church responds to you with gratitude, with respect, and with admiration. Thank you, likewise for your willingness to continually collaborate with this congregation in its effort to uphold and safeguard the Eastern heritage. Your loyalty and love for the Holy See are self-evident. And they are a witness which serves to inspire and edify those of our every ecclesial tradition.

Permit me also to pay tribute to Your Beatitude, Baselios Cleemis Thottunkal on the occasion of the Silver Jubilee of Your sacerdotal ordination. When the Holy Father, Pope Benedict XVI, greeted Your Beatitude on May 28, 2007, he portrayed your leadership role in terms of the constant need to renew our commitment to evangelization. Motivated by Your Beatitude's guidance, we are able to advance further toward the goal of "striving to build peace, in justice and solidarity and for the betterment of "the whole human family." The Syro-Malankara Church certainly embodies an inherent wisdom; worthy of being fostered and reinforced. Along with your Beatitude, I am pleased to convey the cordial greetings of this Dicastery to other Bishops who cerebrate their Sacerdotal Silver Jubilee during the current year: Archbishop Thomas Mar Koorilos, Bishop Jacob Mar Barnabas and Bishop Thomas Mar Eusebius.

On November 20, 2000, when the Servant of God, Pope John Paul II, addressed the pilgrims of the Syro-Malankara Church accompanied by Archbishop Cyril Mar Baselios, the Pontiff commended your Church's "apostolic fervour, pastoral energy and many vocations." And he described the

Malankara identity as being one which represents the breadth of "Christian vitality.' The term 'vitality' suggests that your Church is characterized by a powerful force for transmitting spiritual life. The Syro-Malankara Church is, without doubt, a light by which to illumine all nations and peoples. As with the nature of light in the physical world, 'vitality' can be perceived according to a range of bands or spectra. Viewed together, they attest to a remarkable ecclesial richness and uniqueness. I would include among those 'bands' which support vitality, four features:

**A. The history of the Syro-Malankara Church reflects for us the courage to take risk and initiative**

The Reunion Movement under the brave leadership of Archbishop Geevarghese Mar lvanios, reminds us that the profession of Faith made by him and his associates in 1930 was based upon profound conviction. Unity with the Holy See was not construed as a mere enhancement of the "ancient and venerable traditions of the Malankara Church," but as being their natural and authentic fullfilment, and as a means to preserve their Eastern heritage.

**B. The Malankara Church has consistently been regarded as a leader in ecumenical dialogue and outreach**

The spirit of Archbishop Mar Ivanios was continued and fostered by the 1955 installation of the Most Rev. Benedict Mar Gregorios as Metropolitan Archbishop of Trivandrum and head of the Syro-Malankara hierarchy. Immediately thereafter, largely due to his pastoral style, significant numbers of people from other non-Catholic Malankara Churches reunited with the Catholic Church. The consequence was the rapid spread of the Syro-Malankara Church throughout India.

The overall experience is that the Malankara Church has acquired a realistic and sensitive understanding of the struggles of non-Catholics in approaching Catholicism' When, however, they look to the Malankara Church, the expectation is that the "trials and difficulties" which they "face" will find a warm and honest welcome. As Pope Benedict XVI advised in his Message to the Joint Commission on Catholic-Orthodox Dialogue (January 28, 2011), it is imperative that "all Christians work together in mutual acceptance and trust in order to serve the cause of peace and justice." Your Syro-Malankara Church provides a model for how this ideal may be concretely accomplished.

**C. The Malankara Church affirms that its purpose is primarily to sanctify**

Your Church is to be commended for devoting extensive energy and resources to promoting the example of heroic lives for veneration and imitation

by the faithful. The well-acclaimed canonization process of Mar Ivanios comes to mind. On July 14, 2007, he was declared to be "Servant of God." The title of "Servant" is intrinsic to your Malankara patrimony. We observe its priority in the vast and exceptional charitable apostolates of your every Eparchy, of your many institutions and movements, and of your outstanding Religious orders. I recall, for instance, how the late Cyril Mar Baselios, elected head of the Malankara church on November 6, 1995, soon became renowned for his lifestyle of simplicity, humility and charity towards the destitute.

**D. The Missionary and Pastoral Role of the Syro-Malankara Church**

Your Episcopal Synod has implemented several provisions and administrative arrangements in the recent time. These manifest the precision and thoroughness of the Synod in the governance. And these correspond to the actual pastoral necessity. That same rationale, to facilitate the sense of 'belonging' for Malankara believers, was the dominant factor on July 14, 2010, in creating an Exarchate for the United States, and in assuring that there would be an Apostolic Visitor for Canada and Europe.

In terms of governance and administration, your Malankara Synod discerns prayerfully and acts with transparency.

Let us ponder how the forthcoming XIII Worldwide Synod of Bishops will consider "New Evangelization." The theme speaks to the alienation and indifference of many lay Catholics who lapse in the practice of their faith due to such social pressures as increased secularization and the opposition often stemming from the realm of science and technology. The Synod focuses on the fact that the salvation of each individual is of decisive importance. Each believer must be heard and esteemed. I believe that this is the operative vision underlying your Particular Law's stages of preparation and submission to this Congregation. The thrust combines the regulation of ecclesial life and ministry with the aim of giving substance to those bonds of communion which are intended to transform the heart and soul of each baptized.

The pastoral care of the Malankara faithful outside the proper territory is your grave concern. It is no less the concern of this congregation. But any step taken must be attentive to complex dynamics of the issue as well as to the input from the diverse ecclesial Congregation seeks that these voices shall be articulated, discussed and evaluated.

Dear Brothers, again I thank you for your visit to the Holy See and to you ever be sustained by the Lord's Spirit and assisted by the intercession of Our Blessed Mother, Queen of Heaven and Earth, Queen of the Malankara Church.

## മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മെത്രാന്മാരുടെ '*ആദ് ലിമിനാ*' സന്ദർശനത്തോടനുബന്ധിച്ച്, പൗരസ്ത്യ സഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്റ്റ് അത്യുന്നത കർദ്ദിനാൾ ലിയൊനാർഡൊ സാന്ദ്രി 2011 മാർച്ച് 22 ന് നടത്തിയ പ്രസംഗം

ധന്യനായ പിതാവേ, അഭിവന്ദ്യ മെത്രാന്മാരെ,

നിങ്ങളുടെ ആദ് ലിമിനാ സന്ദർശനത്തിന്റെ അവസരത്തിൽ ഈ കാര്യാലയത്തിൽ വച്ച് നിങ്ങളെ സ്വാഗതം ചെയ്യുന്നത് എനിക്ക് ഒരു ബഹുമതിയും സന്തോഷവും ആണ്. 2005 ഫെബ്രുവരി 10 ന് നിങ്ങളുടെ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതിനുശേഷം, മലങ്കര ഹൈരാർക്കിയുടെ ആദ്യത്തെ ആദ് ലിമിനാ സന്ദർശനമാണിതെന്നുള്ളത് അംഗീകരിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. വളർച്ചയുടെയും പുരോഗതിയുടെയും ഒരു അടയാളമായ നിങ്ങളുടെ സാന്നിധ്യം മനസ്സിനെ സ്വാധീനിക്കുന്നതും പ്രാധാന്യമർഹിക്കുന്നതുമാകയാൽ, സാർവത്രികസഭ നന്ദിയോടും, ബഹുമാനത്തോടും, പ്രശംസയോടും കൂടെയാണ് നിങ്ങളോട് പ്രത്യുത്തരിക്കുന്നത്. ഈ കാര്യാലയവുമായി നിരന്തരം സഹകരിച്ചു പോകുന്നതിലുള്ള നിങ്ങളുടെ മഹാമനസ്ക്കതയ്ക്കും, പൗരസ്ത്യ പൈതൃകം ഉയർത്തിപിടിക്കുന്നതിലും, കാത്തുസൂക്ഷിക്കുന്നതിലുമുള്ള നിങ്ങളുടെ പരിശ്രമത്തിനും ഞാൻ നന്ദിയർപ്പിക്കുന്നു. പരിശുദ്ധ സിംഹാസനത്തോടുള്ള നിങ്ങളുടെ വിശ്വാസവും സ്നേഹവും വളരെ വ്യക്തമാണ്. അവ നമ്മുടെ എല്ലാ സഭാ പാരമ്പര്യങ്ങളെയും കുറിച്ചുള്ള അറിവ് വളർത്തുവാനും പ്രചോദിപ്പിക്കുവാനും ഉപകരിക്കുന്ന സാക്ഷ്യമാണ്.

ധന്യനായ ബസേലിയോസ് ക്ലീമീസ് തോട്ടുങ്കലിന്റെ പൗരോഹിത്യ രജത ജൂബിലിയുടെ ഈ അവസരത്തിൽ സ്തുത്യുപഹാരം ഞാൻ സമർപ്പിക്കട്ടെ. 2007 മെയ് 28-ന് പരിശുദ്ധ ബനഡിക്ട് 16-ാമൻ മാർപ്പാപ്പാ, ധന്യനായ അങ്ങയെ സ്വീകരിച്ചപ്പോൾ, സുവിശേഷീകരണത്തിൽ നിരന്തരമായ പുനർ സമർപ്പണത്തിന് അങ്ങ് നൽകുന്ന നേതൃത്വ പാടവത്തെ പ്രകീർത്തിച്ചു. അങ്ങയുടെ മാർഗനിർദ്ദേശത്താൽ ഉത്തേജിതരായി, "നീതിയിലും ഐക്യത്തിലും സമാധാനം കെട്ടിപടുക്കുവാൻ കഠിനമായി യത്നിക്കുന്നതിലും, മാനവ കുടുംബത്തിന്റെ അഭിവൃദ്ധിയിൽ" ലക്ഷ്യം വച്ചും മുന്നേറുവാൻ ഞങ്ങൾക്ക് സാധിക്കുന്നു. സംരക്ഷിക്കപ്പെടേണ്ടതും ശക്തിപ്പെടുത്തേണ്ടതുമായ സഹജമായ ജ്ഞാനം മലങ്കര സുറിയാനി കത്തോലിക്കാസഭ തീർച്ചയായും ഉൾക്കൊള്ളുന്നുണ്ട്. ധന്യനായ കാതോലിക്കാ ബാവായോടൊപ്പം ഈ വർഷം പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ആർച്ചുബിഷപ്പ്

തോമസ് മാർ കൂറിലോസ്, ബിഷപ്പ് ജേക്കബ് മാർ ബർണബാസ്, ബിഷപ്പ് തോമസ് മാർ യൗസേബിയൂസ് എന്നിവർക്ക് ഹൃദ്യമായ ആശംസകൾ അറിയിക്കുന്നതിൽ സന്തോഷം ഉണ്ട്.

2000 നവംബർ 20 ന് ദൈവദാസൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, ആർച്ചു ബിഷപ്പ് സിറിൽ മാർ ബസേലിയോസിനോടൊപ്പം വന്നെത്തിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തീർത്ഥാടകരെ അഭിസംബോധന ചെയ്തപ്പോൾ, പരി. പിതാവ് നിങ്ങളുടെ സഭയുടെ "അപ്പസ്തോലിക തീക്ഷ്ണത, അജപാലനപരമായ ശക്തി, ധാരാളമായ ദൈവവിളി" എന്നിവയെ പ്രത്യേകം പ്രശംസിച്ചു. "ക്രിസ്തീയ ഉണർവിന്റെ" വ്യാപനത്തെ പ്രതിനിധീകരിക്കുന്ന ഒന്നായി മലങ്കരയുടെ തനിമയെ അദ്ദേഹം വിവരിച്ചു. "ഉണർവ്" എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്, നിങ്ങളുടെ സഭയുടെ സ്വഭാവം ചിത്രീകരിക്കുന്ന, ആത്മീയ ജീവിതം കൈമാറുന്നതിനുള്ള ശക്തിമത്തായ ഊർജ്ജമെന്നതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ, സംശയമെന്യെ, എല്ലാ രാജ്യങ്ങളെയും ജനതകളെയും പ്രകാശിപ്പിക്കുന്ന ഒരു വെളിച്ചമാണ്. ഭൗതികലോകത്തിലെ വെളിച്ചത്തിന്റെ സ്വഭാവമനുസരിച്ച്, പ്രകാശത്തിന്റെ സമുച്ചയമായും ഉണർവിനെ നമുക്ക് വിവക്ഷിക്കാം. ഒന്നിച്ചുള്ള നിരീക്ഷണത്തിൽ അത് സാക്ഷ്യപ്പെടുത്തുന്നത് ഒരു ശ്രദ്ധേയമായ സഭാത്മക സമ്പന്നതയും അതുല്യതയുമാണ്.

ഉണർവിനെ ബലപ്പെടുത്തുന്ന ആ സമുച്ചയത്തിൽ നാല് സവിശേഷതകൾ കൂടെ ഞാൻ ഉൾപ്പെടുത്തുകയാണ്.

1. **മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം നമുക്കു വേണ്ടി പ്രതിഫലിപ്പിക്കുന്നത് അപകടസാധ്യതയെ നേരിടുവാനും മുൻകൈ എടുക്കുവാനും ഉള്ള ധൈര്യമാണ്.**

ആർച്ച്ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ ധീരമായ നേതൃത്വത്തിലുള്ള പുനരൈക്യ പ്രസ്ഥാനം നമ്മെ അനുസ്മരിപ്പിക്കുന്നത്, 1930-ൽ അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും പരസ്യമായി പ്രഖ്യാപിച്ച വിശ്വാസം ആഴമായ ബോധ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നതാണ്. പരിശുദ്ധ സിംഹാസനവുമായുള്ള ഐക്യം, മലങ്കരസഭയുടെ പുരാതനവും ആദരണീയവുമായ പരമ്പര്യം കേവലം വർദ്ധിപ്പിക്കുന്നു എന്ന് അർത്ഥമാക്കുന്നില്ല, എന്നാൽ അവയുടെ സ്വഭാവികവും യഥാർത്ഥവുമായ പൂർത്തീകരണം, പൗരസ്ത്യ പൈതൃകം സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗമാണ്.

2. **എക്യുമെനിക്കൽ സംവാദത്തിനും സ്വധീനപരിധിക്കുമുള്ള ഒരു നേതാവായിട്ടാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സ്ഥിരമായി പരിഗണിച്ചുകൊണ്ടിരിക്കുന്നത്.**

1955-ൽ നടന്ന സ്ഥാനാരോഹണത്തോടെ, മലങ്കര സുറിയാനി ഹൈരാർക്കിയുടെ തലവനും തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ആർച്ച്ബിഷപ്പ്

മാർ ഈവാനിയോസ് തിരുമേനിയുടെ മാനസികഭാവം തുടരുകയും പരിപോഷിപ്പിക്കുകയും ചെയ്തു. അദ്ദഹത്തിന്റെ അജപാലന ശൈലി വഴിയായി അകത്തോലിക്ക മലങ്കര സഭകളിൽ നിന്നും ധാരാളം ആളുകൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഇതിന്റെ അനന്തരഫലം മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇൻഡ്യയിൽ ഉടനീളം ദ്രുതഗതിയിൽ വ്യാപിച്ചുവെന്നതാണ്.

കാതോലികതയെ സമീപിക്കുവാൻ അകത്തോലിക്കർക്കുള്ള ബുദ്ധിമുട്ടുകൾ യാഥാർഥ്യബോധത്തോടും, ബോധപൂർവമായും മനസിലാക്കുവാൻ മലങ്കര സഭയ്ക്ക് സാധിച്ചുവെന്നതാണ് മൊത്തത്തിലുള്ള അനുഭവം. എന്നിരുന്നാലും മലങ്കര സഭയിലേയ്ക്ക് നോക്കുമ്പോൾ അവരുടെ പ്രതീക്ഷ അവർ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഹൃദ്യമായ, വിശ്വസനീയമായ സ്വാഗതം ലഭിക്കുമെന്നാണ്. സമാധാനവും നീതിയും പുലരുവാൻ എല്ലാ ക്രിസ്താനികളും പരസ്പര സ്വീകാര്യതയിലും വിശ്വാസത്തിലും ഒന്നിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് കത്തോലിക്കാ ഓർത്തഡോക്സ് സംവാദത്തിന്റെ സംയുക്ത കമ്മീഷനു നൽകിയ സന്ദേശത്തിൽ (ജനുവരി 28, 2011) പോപ്പ് ബനഡിക്ട് 16-ാമൻ നിർദ്ദേശിച്ചു. ഈ ആദർശം എങ്ങനെ പ്രത്യക്ഷമായി സഫലീകരിക്കാമെന്നതിന് നിങ്ങളുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു മാതൃക സജ്ജമാക്കി.

**3. മലങ്കര സുറിയാനി കത്തോലിക്കാ സഭ, തങ്ങളുടെ ലക്ഷ്യം പ്രഥമമായി വിശുദ്ധീകരിക്കുകയെന്നതാണെന്ന് സ്ഥിരീകരിക്കുന്നു.**

വീരോചിതമായ ജീവിതങ്ങളെ വിശ്വാസികളുടെ വണക്കത്തിനും അനുകരണത്തിനും നൽകി, ആ ദൃഷ്ടാന്തങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ വിപുലമായ ശേഷിയും ധനവും വ്യയം ചെയ്യുന്നതിന് നിങ്ങളുടെ സഭയെ പ്രശംസിക്കേണ്ടതായിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവിന്റെ പ്രശംസാർഹമായ നാമകരണനടപടികൾ ഓർമ്മയിൽ വരുന്നു. 2007 ജൂലൈ 14-ന് അദ്ദേഹത്തെ ദൈവദാസനായി പ്രഖ്യാപിച്ചു. ദാസൻ എന്ന പദവി മലങ്കര പൈതൃകത്തിൽ നൈസർഗികമാണ്. നിങ്ങളുടെ എല്ലാ ഭദ്രാസനങ്ങളിലെയും വിപുലമായ, ശ്രദ്ധേയമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ, പ്രമുഖ സന്യാസസമൂഹങ്ങൾ എന്നിവയ്ക്കുള്ള മുൻഗണന ഞങ്ങൾ മനസിലാക്കുന്നു. ഉദാഹരണത്തിന് സിറിൽ മാർ ബസേലിയോസ് 1995 നവംബർ 6-ന് മലങ്കര സഭയുടെ തലവനായി തെരഞ്ഞെടുക്കപ്പെടുകയും, അദ്ദേഹത്തിന്റെ ലളിതമായ, വിനയമുള്ള ജീവിതശൈലിയും അഗതികളോടുള്ള സ്നേഹവും അദ്ദേഹത്തെ വളരെ പെട്ടെന്ന് പ്രസിദ്ധനാക്കിയത് ഞാൻ ഓർമ്മിക്കുന്നു.

**4. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻപരവും, അജപാലനപരവുമായ പങ്ക്**

അടുത്തകാലത്ത് നിങ്ങളുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിവിധ നടപടിക്രമങ്ങളും ഭരണപരമായ ക്രമീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭരണത്തിൽ സുന്നഹദോസിന്റെ കൃത്യതയും സമഗ്രതയും ഇത് വെളിവാക്കുന്നു. ഇത് യഥാർത്ഥ അജപാലന ആവശ്യത്തോട് അനുരൂപമായിരിക്കുന്നു. 2010 ജൂലൈ 14-ന്

അമേരിക്കയിൽ എക്സാർക്കേറ്റ് രൂപീകരിക്കുവാനും കാനഡായ്ക്കും യൂറോപ്പിനും ഒരു അപ്പസ്തോലിക് വിസിറ്റർ ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തുവാനും ഇട യാക്കിയ പ്രധാന ഘടകം മലങ്കര വിശ്വാസികൾക്ക് അവർ അതിലെ അംഗമായിരി ക്കുന്നുവെന്ന ബോധ്യം സുസാധ്യമാക്കിയ അടിസ്ഥാനതത്വമാണ്. ഭരണത്തിന്റെയും കാര്യനിർവഹണത്തിന്റെയും കാര്യത്തിൽ നിങ്ങളുടെ മലങ്കരസുന്നഹദോസ് പ്രാർത്ഥനാപൂർവം വിവേചിച്ചറിയുകയും സുതാര്യതയോടെ പ്രവർത്തിക്കുകയും ചെയ്തു.

അടുത്തു വരുന്ന 13-ാമത് ലോകമാകമാനമുള്ള മെത്രാന്മാരുടെ സുന്നഹദോസ് നവ സുവിശേഷവല്ക്കരണത്തെ എങ്ങിനെ പരിഗണിക്കുമെന്ന് നമുക്ക് ആഴത്തിൽ ചിന്തിക്കാം. സാമൂഹിക സമ്മർദ്ദങ്ങളായ വർദ്ധിച്ചു വരുന്ന ഭൗതികതയും, ശാസ്ത്ര സാങ്കതിക മണ്ഡലത്തിൽ നിന്നും ഉണ്ടാകുന്ന എതിർപ്പും, അനേകം അത്മായ രുടെ അകന്നുപോകലിനും, താത്പര്യക്കുറവിനും, വിശ്വാസം പ്രാവർത്തികമാക്കു ന്നതിൽ തെറ്റിപോകുന്നതിനും ഇടയാക്കിയതാണ് പ്രതിപാദ്യ വിഷയം വ്യക്തമാ ക്കുന്നത്. ഓരോ വ്യക്തിയുടെയും രക്ഷയ്ക്ക് നിർണായകമായ പ്രാധാന്യം ഉണ്ടന്നുള്ള വസ്തുതയിൽ സുന്നഹദോസ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഓരോ വിശ്വാസിയെയും ശ്രവിക്കുകയും വിലമതിക്കുകയും ചെയ്യണം. നിങ്ങളുടെ പ്രത്യേക നിയമസമഹിത തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലും ഈ കാര്യാലയത്തിന് സമർപ്പിക്കുന്നതിലും അന്തർലീനമായിരിക്കുന്ന ഫലവത്തായ വീക്ഷണം ഇതാ ണെന്ന് ഞാൻ വിശ്വസിക്കുന്നു. ചിട്ടയോടുകൂടിയ സഭാത്മകജീവിതവും, കൂട്ടായ്മ യിലുള്ള ബന്ധത്തിന് സത്ത നൽകുക എന്ന ഉദ്ദേശത്തോടെയുള്ള ശുശ്രൂഷയും സംയോജിച്ച ശക്തി ലക്ഷ്യം വയ്ക്കുന്നത്, മാമോദീസാ സ്വീകരിച്ച ഓരോരുത്തരു ടെയും ഹൃദയത്തെയും ആത്മാവിനെയും രൂപാന്തരപ്പെടുത്തുകയെന്നതാണ്.

നിങ്ങളുടെ ഭരണത്തിൻ കീഴിലുള്ള ഭൂപ്രദേശത്തിനു പുറമെയുള്ള മലങ്കര വിശ്വാ സികളുടെ അജപാലനപരമായ ശ്രദ്ധ നിങ്ങളുടെ ഗൗരവതരമായ ഉത്ക്കണ്ഠയാണ്. ഈ കാര്യാലയത്തിനും ഇക്കാര്യത്തിൽ ഉത്ക്കണ്ഠയില്ലാതില്ല. എന്നാൽ ഏതെങ്കിലും നടപടി എടുക്കുന്നത് ഈ വിഷയത്തിന്റെ ധാരാളവും സങ്കീർണ്ണവു മായ ചലനാത്മകത ശ്രദ്ധിച്ചും, വിഭിന്നമായ സഭാവിഭാഗങ്ങളുടെ അഭിപ്രായം സ്വീക രിച്ചുമായിരിക്കണം. ഈ അഭിപ്രായങ്ങൾ അന്വേഷിക്കുകയും, ചർച്ചചെയ്യുകയും, വിലയിരുത്തുകയും ചെയ്യണമെന്നാണ് ഈ കാര്യാലയം ആഗ്രഹിക്കുന്നത്.

പ്രിയ സഹോദരന്മാരെ, പരിശുദ്ധ സിംഹാസനത്തിലേയ്ക്കും ഈ കാര്യാല യത്തിലേയ്ക്കും ഉള്ള നിങ്ങളുടെ സന്ദർശനത്തിന് ഞാൻ വീണ്ടും നന്ദിപറയുകയും കർത്താവിന്റെ ആത്മാവ് നിങ്ങളെ നയിക്കുകയും, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായ, മലങ്കര സഭയുടെ രാജ്ഞിയായ, നമ്മുടെ അനുഗ്രഹീതയായ അമ്മയുടെ മാദ്ധ്യസ്ഥം സഹായമാവുകയും ചെയ്യട്ടെ.

**- ലിയോനാർഡോ കർദിനാൾ സാൻഡ്രി**

## *Press Release*

### മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷകൾ അഭിനന്ദനാർഹം: ബനഡിക്ട് പതിനാറാമൻ മാർപാപ്പ

*വത്തിക്കാൻ സിറ്റി:* മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷകളെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ അഭിനന്ദിച്ചു. മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ ആദ്‌ലിമിനാ സന്ദർശനം നടത്തുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പിതാക്കന്മാരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മാർപാപ്പ. വൈവിധ്യമാർന്ന ശുശ്രൂഷകളിലൂടെ വിശ്വാസ സമൂഹത്തിന്റെ ആദ്ധ്യാത്മികവും സഭാത്മകവുമായ പരിശീലനത്തിലും രൂപീകരണത്തിലും സഭ കാലോചിതമായി കുടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ മാർപാപ്പാ ആഹ്വാനം ചെയ്തു. വി. പത്രോസിന്റെ സിംഹാസനവും മലങ്കര സുറിയാനി കത്തോലിക്കാസഭയും തമ്മിലുള്ള ഊഷ്മളമായ ബന്ധം കൂടുതൽ ആഴപ്പെടുവാൻ ഈ സന്ദർശനം ഉപകരിക്കുമെന്ന് മാർപാപ്പ തന്റെ സന്ദേശത്തിൽ പറഞ്ഞു. ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ ഭാരതത്തിലും അതിനുപുറത്തുമായി നൽകുന്ന സജീവ സാക്ഷ്യവും നേതൃത്വവും മാർപാപ്പ പ്രത്യേകം അഭിനന്ദിച്ചു.

മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പരി.സുന്നഹദോസിനുവേണ്ടി മാർപാപ്പായെ അഭിസംബോധന ചെയ്തു സംസാരിച്ചു. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയോസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവർ പരി. ബാവാതിരുമേനിയോടൊപ്പം മാർപാപ്പയെ സന്ദർശിച്ചു. ആദ്‌ലിമിനായോടനുബന്ധിച്ച്, മെത്രാന്മാർ വ്യക്തിപരമായി മാർപാപ്പയെ സന്ദർശിച്ച് അതാത് ഭദ്രാസനങ്ങളിലെ വിവിധ വിഷയങ്ങൾ ചർച്ചചെയ്തു. അതോടൊപ്പം റോമിലെ വിവിധ കാര്യാലയങ്ങൾ - വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയേറ്റ്, പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘം, വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘം, സെമിനാരികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള തിരുസംഘം, സഭകൾ തമ്മിലുള്ള ഐക്യം പ്രോത്സാഹിപ്പിക്കുന്ന പൊന്തിഫിക്കൽ കൗൺസിൽ, മതാന്തര സംവാദത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ, ഉപവി പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഫൗണ്ടേഷൻ 'കോർ ഊനും', സഭാകോടതികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന 'അപ്പസ്തോലിക് സെഗ്നത്തൂരാ' എന്നിവ - പരിശുദ്ധ ബാവാതിരുമേനിയുടെ നേതൃത്വത്തിൽ

സന്ദർശിച്ച് സഭാപരവും നൈയാമികവുമായ വിഷയങ്ങൾ മെത്രാപ്പോലീത്താമാർ ചർച്ച ചെയ്തു.

റോമിലെ സെന്റ് തോമസ് അക്വീനാസ് യൂണിവേഴ്സിറ്റിയിൽ "നവസുവിശേഷവത്ക്കരണവും മലങ്കര സുറിയാനി കത്തോലിക്കാസഭയും" എന്ന വിഷയത്തെ ആധാരമാക്കി രാജ്യാന്തര സെമിനാർ നടന്നു. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് സിറിൽ വാസിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ അനുഗ്രഹപ്രഭാഷണം നടത്തി. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാൻ തോമസ് മാർ അന്തോണിയോസ് വിഷയാവതരണം നടത്തി. വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പ്രസ്തുത സെമിനാറിൽ സംബന്ധിച്ചു.

ആദ്‌ലിമിനാ സന്ദർശനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ വി. പത്രോസിന്റെ കബറിടത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും ജോൺപോൾ രണ്ടാമന്റെ കബറിടത്തിൽ കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ മെത്രാന്മാരും റോമിലെ വൈദികരും സമൂഹബലിയർപ്പിക്കുകയും ചെയ്തു. കൂടാതെ വി. പൗലോസിന്റെ കബറിടം സ്ഥിതിചെയ്യുന്ന സെന്റ് പോൾസ് ബസിലിക്കാ, സെന്റ് ജോൺസ് ബസിലിക്കാ, സെന്റ് മേരീസ് ബസിലിക്കാ എന്നിവിടങ്ങളിലും പിതാക്കന്മാർ സന്ദർശിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി സന്ദർശനത്തിന്റെ സമാപനത്തിൽ റോമിലെ മലങ്കര സുറിയാനി കത്തോലിക്കാസഭാസമൂഹം മെത്രാന്മാരോടൊന്നിച്ച് അസീസിയിലേയ്ക്ക് തീർത്ഥാടനം നടത്തി.

*Press Release*

## Diversity of Services of the Syro-Malankara Catholic Church is Commendable - Pope Benedict XVI

Vatican City: Pope Benedict XVI praised the variety of services of the Syro-Malankara Catholic Church. Pope addressed the Holy Episcopal Synod Fathers of the Syro-Malankara Catholic Church who conduct *Ad Limina* visit under the leadership of Moran Mor Baselios Cleemis Catholicos. The Pope exhorted that the Church should toil timely with more vigour in the spiritual and ecclesial training and formation of the faithful through the diversity of services. Pope said in his message that this visit would help to deepen the warm relationship between the See of St. Peter and Syro-Malankara Catholic Church. His Holiness admired the leadership and living witness in and outside India under the leadership of Baselios Cleemis Catholicos.

Moran Mor Baselios Cleemis Catholicos addressed His Holiness Pope Benedict XVI on behalf of the Holy Episcopal Synod. Archbishop Most Rev. Thomas Mar Koorilos, Bishop Most Rev. Geevarghese Mar Divannasios, Most Rev. Yoohanon Mar Chrysostom, Most Rev. Joshua Mar Ignathios, Most Rev. Joseph Mar Thomas, Most Rev. Abraham Mar Julios, Most Rev. Vincent Mar Paulos, Most Rev. Thomas Mar Eausebius, Most Rev. Jacob Mar Barnabas, Most Rev. Thomas Mar Anthonios, Most Rev. Samuel Mar Irenios, and Most Rev. Philipos Mar Stephanos visited His Holiness along with His Beatitude. Bishops personally visited the Pope and discussed various subjects of their own Eparchy in connection with Ad Limina visit. The Bishops visited various congregations such as Vatican State Secretariat, Congregation for the Oriental Churches, Congregation for the Causes of Saints, for Seminary and educational Institutions for Ecumenism, Pontifical Council for Inter religious dialogue, 'Cor Unnum' the Pontifical Foundation for Charitable activities, and 'Apostolic Segnatura' which controls the activities of Church Tribunals under the leadership of His Beatitude and discussed ecclesial and canonical subjects.

An international Seminar based on the subject "New Evangelization and the Syro Malankara Catholic Church" was conducted at the St. Thomas Aquinas University of Rome. Archbishop Cyril Vasil, Secretary of the Congregation for Oriental Churches inaugurated the Seminar. His Beatitude Moran Mor Baselios Cleemis Major Archbishop Catholicos delivered the

benedictory address. Most Rev. Thomas Mar Anthonios, Curia Bishop of the Major Archiepiscopal Curia presented the subject. Representatives from various countries participated in the seminar.

A special prayer was conducted at the tomb of St. Peter in the St. Peter's Basilca and all the Bishops and the priests in Rome concelebrated the Holy Qurbono with His Beatitude at the tomb of Pope John Paul II. Besides the Bishops visited the tomb of St. Paul in St. Paul's Basilica, St. John's Basilica, St. Mary's Basilica, and offered special prayer. The Syro-Malankara Catholic Community is made a pilgrimage to Assisi along with the Bishops at the end of the visit.

# PASTORAL LETTERS
# &
# CIRCULARS

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പൊലീത്തൻ ആർച്ചുബിഷപ്പിനും മെത്രാപ്പോലിത്താമാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot No CPL 1/2011

സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ദൈവത്തിന്റെ അനന്തമായ നടത്തിപ്പിൽ നമ്മുടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ 6-ാം വാർഷികവും കാതോലിക്കാദിനവും 2011 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച നാം ആചരിക്കുകയാണല്ലൊ. നമ്മുടെ കർത്താവിന്റെ വത്സല ശിഷ്യനായ മാർത്തോമ്മായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ നിന്നുത്ഭവിച്ച നമ്മുടെ സഭയുടെമേൽ ദൈവം വർഷിക്കുന്ന അനുഗ്രഹങ്ങൾക്ക് നമുക്ക് കൃതജ്ഞത യർപ്പിക്കാം. ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ സഭാമക്കൾക്കേവർക്കും ഞാൻ ആശംസിക്കുന്നു.

ഈ അവസരത്തിൽ നമ്മുടെ സഭാജീവിതത്തിന്റെ ദൗത്യവും ദർശനവും പരിശുദ്ധാത്മാവിൽ പുനർചിന്തനം ചെയ്യുന്നതിനും പുനഃപ്രതിഷ്ഠിക്കുന്നതിനുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭാഅസംബ്ലി (സീറോ മലങ്കര കാത്തലിക് ചർച്ച് അസംബ്ലി) വിളിച്ചുകൂട്ടുവാനുള്ള നമ്മുടെ സഭയുടെ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം ഞാൻ നിങ്ങളെ സസന്തോഷം അറിയിക്കുന്നു.

പിതാവായ ദൈവത്താൽ ലോകത്തിലേക്കയയ്ക്കപ്പെട്ട സ്നേഹത്തിന്റെയും രക്ഷയുടെയും സുവിശേഷകനാണ് കർത്താവായ യേശുക്രിസ്തു. "ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). പിതാവായ ദൈവം തന്റെ പുത്രനെ ഏല്പിച്ച ഈ രക്ഷാകര ദൗത്യം ഭൂമിയിൽ അനസ്യൂതം തുടരുന്നതിനും, "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനുമായി" (മർക്കോ 3:14, 15) തെരഞ്ഞെടുത്ത വി. ശ്ലീഹന്മാരെ "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും" (മത്താ 28:18) നൽകി ലോകത്തിന്റെ അതിർത്തികൾവരെ അയച്ചു. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:19). തന്റെയും പരിശുദ്ധാത്മാവിന്റെയും നിരന്തരമായ സാന്നിദ്ധ്യവും ശക്തിയും വാഗ്ദാനം ചെയ്ത കർത്താവ് അരുളിചെയ്തു: "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അ.പ്ര 1:8).

കർത്താവായ യേശുക്രിസ്തു മൂലക്കല്ലായി "അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട" സഭ സ്വഭാവത്താൽത്തന്നെ സുവിശേഷകയാണ്. ഈ സഭ "കർത്താവിൽ പരിശുദ്ധ ആലയമായി വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2:20-22). സഭ കർത്താവിന്റെ ആലയം മാത്രമല്ല അവിടുത്തെ മൗതീകശരീരം തന്നെയാണ്: "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12 : 27). യേശുവിന്റെ മൗതികശരീരമായ സഭ "തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്." (1 പത്രോ 2 : 9). അങ്ങനെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സാർവ്വത്രികസഭ വിളങ്ങി പ്രകാശിക്കുന്നു (തിരുസഭ 4).

മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽ നിന്നുത്ഭവിച്ച മലങ്കരസഭ സാർവത്രിക സഭാസർഗം വീണ്ടെടുക്കുകയും സാർവത്രികസഭയുടെ ചൈതന്യത്തിലധിഷ്ഠിതമായി സഭാദൗത്യം ഈ ഭാരതമണ്ണിൽ നിർവഹിച്ചു വരുന്നു. പൗരസ്ത്യ സഭാജീവിതാവിഷ്ക്കാരമായ ആരാധനാക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, എന്നിവ ഭാരത ജനതയുടെ സംസ്ക്കാരത്തോടും ദൈവാഭിമുഖ്യത്തോടും സമന്വയിപ്പിച്ചുകൊണ്ട് തനതായ സഭാജീവിതപൈതൃകം മലങ്കര സുറിയാനി കത്തോലിക്കാസഭ ആർജ്ജിച്ചു. സഭാജീവിതത്തിന്റെ എല്ലാ മേഖലകളിലും എല്ലാ വിശ്വാസികളുടെയും സജീവമായ ഭാഗഭാഗിത്തം ഈ സഭയുടെ മഹത്തായ പാരമ്പര്യമാണ്. സഭയുടെ കെട്ടുപണിയിൽ ഓരോരുത്തരും അവരവരുടെ ജീവിതാവസ്ഥയ്ക്കു അനുസൃതമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നു. ദൈവവചനത്തിലും കൗദാശിക ജീവിതത്തിലും അധിഷ്ഠിതമായി പള്ളിയോഗങ്ങൾ, പ്രതിനിധി സമ്മേളനങ്ങൾ എന്നിവയിലൂടെയാണ് ഈ ഭാഗഭാഗിത്തം കാര്യക്ഷമമായി നിർവഹിച്ചു വരുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവത്രികസഭാകൂട്ടായ്മയിൽ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽസഭയായി ഉയർത്തപ്പെട്ടതോടെ പൗരസ്ത്യകാനൻ നിയമം അനുശാസിക്കുന്നപ്രകാരം ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി നമുക്ക് വിളിച്ചുകൂട്ടാവുന്നതാണ്. "കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്, പ്രത്യേകിച്ച് സ്വന്തം സഭയുടെ പൊതുനന്മയും അതുപോലെതന്നെ പല സ്വയാധികാരസഭകൾ ഒരുമിച്ചു നിലനിൽക്കുന്ന പ്രദേശം മുഴുവന്റെയും പൊതുനന്മയും കണക്കിലെടുത്തുകൊണ്ട് കാലത്തിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങളനുസരിച്ച് പ്രേഷിതത്വത്തിന്റെ ഘടനയും കർമ്മപരിപാടികളും സഭാപരമായ അച്ചടക്കവും വേണ്ടരീതിയിൽ ഏകീകരിക്കുന്നതിനു"മാണ് (140-ാം കാനോന)

ഈ പൊതു സഭാ അസംബ്ലി. ഈ അസംബ്ലി അഞ്ചു വർഷത്തിൽ ഒരിക്കൽ കൂടാവുന്നതുമാണ്. നമ്മുടെ സഭയിൽ ഈ സമ്മേളനം 'മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി' (സീറോ-മലങ്കര കാത്തലിക് ചർച്ച് അസംബ്ലി) എന്ന് വിളിക്കപ്പെടുന്നു.

2010 നവംബർ 29 മുതൽ ഡിസംബർ 2 വരെ സമ്മേളിച്ച നമ്മുടെ സഭയുടെ പത്താം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം **2011 സെപ്തംബർ 21-ാം തീയതി മുതൽ 23-ാം തീയതി വരെ** ഈ സഭാ അസംബ്ലി വിളിച്ചുകൂട്ടുന്നുവെന്ന് ഇതിനാൽ ഞാൻ സഭാമക്കൾ ഏവരേയും അറിയിക്കുന്നു.

'**സുവിശേഷകയായ മലങ്കരസഭ**' എന്ന പ്രതിപാദ്യത്തിലധിഷ്ഠിതമായിരിക്കും സഭായോഗ നടപടികൾ. സഭ സ്വഭാവത്താൽ തന്നെ സുവിശേഷകയാണ്. മലങ്കരസഭ ഈ സുവിശേഷപ്രഘോഷണ നിർവഹണത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ടെന്ന് നമ്മുടെ സഭാപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി നമ്മെ ഓർമ്മപ്പെടുത്തുന്നു. "പുണ്യശ്ലോകനായ മാർത്തോമ്മാശ്ലീഹായാൽ സംസ്ഥാപിതമെന്നും, പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കരസുറിയാനി സമുദായം ഇക്കാലത്തിനകം, അതിന്റെ കർത്തവ്യകർമ്മമേതോ ആ വിഷയത്തിൽ-ഇതഃപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതാണ്. ക്രിസ്താബ്ദം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാതമ്പുരാന്റെ നിർദ്ദേശപ്രകാരം കൊളുത്തിവെക്കപ്പെട്ട ആ മഹാപ്രദീപം ഇന്നും അതേ നിലയിൽത്തന്നെ ഇരിക്കുന്നതല്ലാതെ, അതുകൊണ്ട് നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്കു പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലെന്നുള്ളത് സമ്മതിച്ചേ മതിയാകുകയുള്ളു"(ഗിരിദീപം പേജ് 55). ദൈവദാസനാൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു മിഷനറി സഭയായി രൂപീകൃതമായി എന്നതിന്റെ വലിയ സാക്ഷ്യമാണല്ലൊ മാർത്താണ്ഡം ഭദ്രാസനവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ തെക്കൻപ്രദേശങ്ങളും നമ്മുടെ വിവിധ ഭദ്രാസനങ്ങളിലെ മിഷൻ ദൈവാലയങ്ങളും. ഈ വലിയ കൃപയ്ക്ക് ദൈവത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക ദൗത്യമായ സഭൈക്യശ്രമങ്ങളും സുവിശേഷവത്ക്കരണ പ്രക്രിയകളും കൂടുതൽ ശക്തമാക്കാനുള്ള ഒരു പുനഃപ്രതിഷ്ഠയ്ക്കുള്ള അവസരമായി നമ്മുടെ പ്രഥമ സഭാതല അസംബ്ലി പരിണമിക്കട്ടെ.

2011-ലെ പുനരൈക്യവാർഷികത്തോടനുബന്ധിച്ച് പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി 2011 സെപ്തംബർ 21-ാം തീയതി വൈകിട്ട് 6 മണി മുതൽ 23-ാം തീയതി വൈകിട്ട് 4 മണിവരെ നമ്മുടെ സഭയുടെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാ സ്ഥിതി ചെയ്യുന്ന കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. തുടർന്ന് നമ്മുടെ സഭയുടെ 12-ാം സാധാരണ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേളിക്കുന്നതും യോഗനിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതും സഭയ്ക്ക് പൊതുവായുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്. യോഗത്തിന്റെ നടത്തിപ്പിനായി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി ചെയർമാനായും അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാർ വൈസ്ചെയർമാന്മാരായും റവ. ഡോ. ജോൺ വൈപ്പിൽ ജനറൽ സെക്രട്ടറിയായും ഒരു കേന്ദ്രകമ്മിറ്റി പ്രവർത്തിക്കുന്നതാണ്.

പ്രതിപാദ്യ വിഷയത്തിന്റെ സന്ദേശവും ചൈതന്യവും സഭായോഗത്തിലുള്ള ഭാഗഭാഗിത്തവും ഓരോ സഭാവിശ്വാസിയിലും എത്തേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങൾ, ഇടവകയിലെ വായനായോഗങ്ങൾ, ഇടവകകൾ, വൈദിക ജില്ലകൾ, സന്യാസ സമൂഹങ്ങൾ, ഭദ്രാസനങ്ങൾ, എന്നീ തലങ്ങളിലെല്ലാം പ്രതിപാദ്യവിഷയം ചർച്ച ചെയ്യേണ്ടതും പ്രായോഗിക നിർദ്ദേശങ്ങൾ ഉരുത്തിരിയേണ്ടതുമാണ്. സഭാതലയോഗം ഫലപ്രദമാകുവാൻ 2011 ആഗസ്റ്റ് 15-ന് മുമ്പ് ഭദ്രാസന യോഗങ്ങൾ കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം ഭദ്രാസനാദ്ധ്യക്ഷന്മാർ വിളിച്ചുകൂട്ടേണ്ടതാണ് എന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിർദ്ദേശം ഇതിനാൽ ഏവരെയും അറിയിക്കുന്നു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് രൂപീകരിച്ച കേന്ദ്രകമ്മിറ്റി അംഗങ്ങൾ എല്ലാ ഭദ്രാസനങ്ങളും സന്ദർശിച്ച് ഭദ്രാസന യോഗങ്ങൾ പൊതു യോഗത്തിന്റെ പ്രധാന പഠനവിഷയവുമായി ബന്ധപ്പെട്ട് നടത്തുവാനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

സഭായോഗത്തിന്റെ നടത്തിപ്പ് സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ, ഉദ്യോഗവശാൽ യോഗത്തിൽ അംഗങ്ങളായിരിക്കുന്നവരുടെ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ ലിസ്റ്റ്, യോഗത്തിന്റെ ഘടന, നടത്തിപ്പ്, ഭാഗഭാഗിത്തം, യോഗനടപടികളിൽ പാലിക്കേണ്ട അച്ചടക്കം, എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ ഏവരെയും ഉടനെ അറിയിക്കുന്നതാണ്.

ഇന്നുമുതൽ യോഗാവസാനം വരെ സഭയിലും, യോഗത്തിലും ദൈവീക ഇടപെടലും വിശിഷ്യാ പരിശുദ്ധാത്മ പ്രചോദനവും ഉണ്ടാകുവാൻ സഭാമക്കളേവരും നിരന്തരമായി പ്രാർത്ഥിക്കണം. ഇതോടൊപ്പം തന്നിരിക്കുന്ന പ്രാർത്ഥന നമ്മുടെ എല്ലാ ഭവനങ്ങളിലും സന്ധ്യാനമസ്ക്കാരത്തിനുശേഷവും നമ്മുടെ എല്ലാ ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും വി. കുർബാനയ്ക്ക് അനുബന്ധമായും ചൊല്ലേണ്ടതാണ്.

പതിവുപോലെ കാതോലിക്കാദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും കാതോലിക്കാ പതാക ഉയർത്തേണ്ടതും കാതോലിക്കാദിന പ്രതിജ്ഞ ചെയ്യേണ്ടതുമാണ്. ഈ ദിവസത്തെ വി. കുർബാനയുടെ സ്തോത്രകാഴ്ച ഭദ്രാസനകാര്യാലയത്തിലൂടെ ഭദാസനാദ്ധ്യക്ഷനെ ഏല്പിക്കേണ്ടതാണ്.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Baselios Cleemis

02.02.2011
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

✠ **ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
From the Major Archbishop of the Syro-Malankara Catholic Church
**Moran Mor Baselios Cleemis Catholicos**
Blessings
to the Metropolitan Archbishop, Metropolitans, Corepiscopoi,
Rambans, Priests, Deacons, Religious and the Faithful

Prot No. CPL 1/2011

Praise be to the Triune God,
Self-existent, almighty, eternal, consubstantial

**First Syro-Malankara Catholic Church Assembly**

Your Grace, Your Excellencies, Rt. Rev. Corepiscopoi and Rembans, Reverend Fathers, Deacons, Religious and dear Faithful in the Lord,

In the great providence of God, we observe the 6th anniversary of the elevation of our Syro-Malankara Catholic Church to the status of a Major Archiepiscopal Church and the Catholicos Day, on Sunday 6 February 2011. Let us thank God for showering the blessings on our Church which originated from the Apostolic tradition of our Lord's beloved disciple St. Thomas. I wish the blessings of this day to all the faithful of the Church.

On this occasion, I inform you with joy, the decision of the Holy Episcopal Synod of our Church to convoke the Syro-Malankara Catholic Church Assembly, to rethink and rededicate the mission and vision of our ecclesial life in the Holy Spirit.

Lord Jesus Christ, who was sent to the earth by God the Father, is the evangelist of love and salvation. "God did not send the son in to the world to condemn the world, but in order that the world might be saved through him" (John 3:17). This salvific mission, that is entrusted to the Son by God the Father, has to be sustained on the earth. The Apostles chosen "to be with him, and to be sent out to proclaim the message" (Mk 3:14) Jesus gave "All authority in heaven and on earth" (Mt 28:18) and sent them to the boundary of the world. "Go therefore and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit, and teaching them to obey

everything that I have commanded you. And remember, I am with you always, to the end of the age" (Mt 28:19, 20). Jesus who promised His and the Holy Spirit's incessant presence and power, said, "You will receive power when the Holy Spirit has come upon you; and you will be my witnesses in Jerusalem, in all Judea and Samaria and to the ends of the earth"( Acts 1: 8).

The Church by nature as an evangelist was "built upon the foundation of the apostles and prophets" with Lord Jesus Christ himself as the corner stone. This Church "grows in to a holy temple in the Lord; in whom you also are built together spiritually in to a dwelling place for God"(Eph 2: 21, 22). The Church is not only the abode of the Lord but also His mystical body itself: "Now you are the body of Christ and individually members of it"(1Cor 12: 27). The mystical body of Christ is "a chosen race, a royal priesthood and a holy nation" (1 Peter 2:9). Hence the Universal Church is seen to be "a people brought into unity of the Father, the Son and the Holy Spirit" (LG 4).

Malankara Church which originated from the proclamation of the Gospel of St. Thomas the Apostle, regained the Universal ecclesial communion and implement the mission of the Church in the soil of India, rooted in the vigour of the Universal Church. The Malankara Catholic Church acquired and formulated its own ecclesiastical heritage by harmonising the Indian culture and its Divine fervor with the oriental ecclesial manifestations, such as liturgy, theology, spirituality and discipline. The great tradition of this Church is the active participation of the faithful in all areas of the ecclesial life. Each person according to his/her state of life participates in the building up of the Church. This participation is effectively actualised through palliyogam and other representative assemblies that function rooted in the Word of God and sacramental life.

Since the Syro-Malankara Catholic Church was elevated to the status of a Major Archiepiscopal Church in the communion of Universal Church, we can convoke a Major Archiepiscopal Assembly according to the Oriental Canon Law. This common Church Assembly "deals with matters of major importance especially in order to harmonize the forms and methods of the apostolate as well as ecclesiastical discipline, adapting them to the current circumstances of the time and to the common good of the respective Church" (canon 140). This Assembly can be convoked once in five years. This Assembly is called the Syro-Malankara Catholic Church Assembly.

I, hereby, inform the People of God of our Church that this Church Assembly will be convoked from 21-23 September 2011 according to the

decision of the 10th Ordinary Holy Episcopal Synod of our Church convoked from 29 November – 2 December 2010.

The procedure of the Church Assembly will be based on the topic '*Suvishekayaya Malankara Sabha'* (Malankara Church - the Evangelist). The Church is an evangeliser by its nature. Father of our Church Servant of God Archbishop Mar Ivanios reminds us that the Malankara Church has to go far forward in the proclamation of the Word of God. "The Malankara Christian Community, which esteems to have been founded by St. Thomas and takes pride in its traditions for the past twenty centuries, has not done hitherto anything worthwhile with regard to the chief objective of its establishment. This is to be considered as a serious crime. It is a fact to be admitted that the lamp lit as directed by the Savior Jesus Christ in the year 52 A.D., still remains just like that without shedding light or giving energy to the surrounding places remaining in the shade of darkness (Girideepom Page 55). The Eparchy of Marthandom, the southern region of the Major Archieparchy of Trivandrum, and mission churches of our various Eparchies are the testimony that the Syro-Malankara Catholic Church is formed as a missionary Church through the Reunion Movement initiated by the Servant of God. By offering gratitude to God for this immense grace, may our First Ecclesial Assembly be an occasion for rededication to strengthen the unique mission of the Syro-Malankara Catholic Church, such as the activities for the unity of Churches and evangelization process.

The First Syro-Malankara Catholic Church Assembly will be convoked from 6 p.m., 21 September to 4 p.m., 23 September 2011, after the Reunion Day celebrations of the year 2011 at the Catholicate Centre, the Major Archiepiscopal Curia of our Church. Afterwards the Twelfth Ordinary Holy Episcopal Synod will be convoked and will discuss the recommendation of the Assembly and give the common guidelines. A central Committee will be functioning for the conduct of the Assembly with His Excellency Most Rev. Abraham Mar Julios as Chairman, His Excellencies Most Rev. Vincent Mar Paulos, Most Rev. Philipos Mar Stephanos as Vice-Chairmen, and Rev. Dr. John Vaipil as General Secretary.

The message and spirit of the theme and the participation in the Assembly have to reach the faithful. The theme shall be discussed and practical suggestions have to be formulated on various levels such as our families, parishes, presbyteral districts, religious congregations, and eparchies. I, hereby inform everybody the directions of the Holy Episcopal Synod that the Eparchial Bishops

shall convoke the Eparchial Assembly according to the canons before 15 August 2011 in order that the Church Assembly should become effective. The Central Committee constituted by the Holy Episcopal Synod shall visit all Eparchies and give guidelines to conduct Eparchial Assembly according to the main theme of the Church Assembly.

I will inform you later the details regarding the common suggestions in conducting the Church Assembly, list of the ex-officio members, list of the representatives to be elected, structure of the assembly, management, participation, and discipline in the meeting.

All the children of our Church should pray for the divine intervention and the inspiration of the Holy Spirit over the Church and Assembly from today to the end of the Assembly. The prayer that is given along with this should be prayed after the evening prayer in all our families and after the Holy Qurbono in our parishes, ashrams, and convents.

Catholicos Flag should be hoisted in all our parishes, mission centers and institutions and the oath on the Catholicos Day should be taken as usual. *Sthothrakazhcha* of the Holy Qurbono on this day will be handed over to the Eparchial Bishop through the Eparchial Curia.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and the communion of Apostles, especially of our Father and Apostle St. Thomas and all the Saints. Amen.

Your humble servant in the Lord

Sd/-
✠ **Baselios Cleemis Catholicos**
Major Archbishop
of the Syro-Malankara Catholic Church

02.02.2011
Catholicate centre
Pattom, Thiruvananthapuram

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള
മെത്രാപ്പൊലീത്തൻ ആർച്ചുബിഷപ്പിനും മെത്രാപ്പോലിത്താമാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot No CPL 2/2011

സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ 58-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരെ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരെ, റമ്പാൻമാരെ, ബഹുമാനപ്പെട്ട വൈദികരെ, ശെമ്മാശന്മാരെ, സന്യസ്തരെ, കർത്താവിൽ പ്രിയ വിശ്വാസികളെ.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുനാൾ ജൂലൈ മാസം ഒന്നു മുതൽ പതിനഞ്ചുവരെ ദിവസങ്ങളിൽ നാം ആചരിക്കുകയാണല്ലോ. ആഗോള കത്തോലിക്കാസഭ നവസുവിശേഷവൽക്കരണത്തിനായി ചിന്തിക്കുകയും പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്ത് ഒരുങ്ങുന്ന ഈ അവസരത്തിൽ പ്രസ്തുത ലക്ഷ്യത്തിന് വേണ്ടി പതിറ്റാണ്ടുകൾ മുമ്പേ കർമ്മപഥത്തിലേക്കിറങ്ങിയ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മയാചരണത്തിന് പ്രസക്തിയേറുന്നു.

സഭകളുടെ ഐക്യത്തിനായുള്ള അതിയായ ആഗ്രഹത്തോടൊപ്പം തന്നെ പുനരൈക്യ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ നയിച്ച മറ്റൊരു പ്രേരകഘടകമായിരുന്നു സുവിശേഷവൽക്കരണത്തിനായുള്ള തീക്ഷ്ണത. നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ16:15) എന്ന ക്രിസ്തുനാഥന്റെ കല്പന ശിരസ്സാവഹിച്ച് അപ്പസ്തോലിക അധികാരത്തോടും വി. പൗലോസിന്റെ തീക്ഷ്ണതയോടും ഭാരതമക്കൾക്ക് സുവിശേഷ വെളിച്ചം പകർന്നുകൊടുക്കുവാൻ വന്ദ്യതാതൻ അക്ഷീണം യത്നിച്ചതിന്റെ പരിണിത ഫലമാണ് ഇന്ന് നാമായിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭ.

ആഗോള കത്തോലിക്കാ സഭയോട് ചേർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയും പ്രേഷിത തീക്ഷ്ണത സഭാമക്കളേവരിലും ശക്തിയോടെ ജ്വലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ

എന്ന വിഷയം ആഴത്തിൽ പഠിച്ച് പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിക്കായി ഒരുങ്ങുകയാണല്ലോ. നവസുവിശേഷ വൽക്കരണത്തിന്റെ അത്യന്താപേക്ഷികതയെക്കുറിച്ച് പോൾ ആറാമൻ മാർപ്പാപ്പയുടെയും വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെയും ആവർത്തിച്ചുള്ള ഉത്ബോധനം സഭയിൽ വലിയൊരു ചലനമാണ് ഉണ്ടാക്കിയത്. നവസുവിശേഷവൽക്കരണം എന്നതുകൊണ്ട് സഭ അർത്ഥമാക്കുന്നത് പുതിയൊരു സുവിശേഷം പ്രസംഗിക്കുക എന്നല്ല. പ്രത്യുത, പ്രേഷിതവേലയുടെ തീക്ഷ്ണതയിലും സമർപ്പണ ബോധത്തിലും ഉപയോഗിക്കുന്ന മാർഗങ്ങളിലും കാലാനുസൃതമായ നവീകരണം വരുത്തുക എന്നതാണ്. നവസുവിശേഷവൽക്കരണം തന്നെയാണ് 2012 ഒക്ടോബർ മാസം 7 മുതൽ 28 വരെയുള്ള ആഗോള കത്തോലിക്കാ മെത്രാൻ സിനഡിന്റെ പഠനവിഷയവും.

മലങ്കര സഭയുടെ പ്രേഷിത തീക്ഷ്ണതയ്ക്ക് മങ്ങലേറ്റിരിക്കുന്നുവെന്നും, കേരള സഭയിൽ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുതിയൊരു മാനവും ദർശനവും അത്യന്താപേഷിതമാണെന്നും, സാർവ്വത്രിക സഭയുടെ അപ്പസ്തോലിക അധികാരത്തോട് ചേർന്നു നിന്നാൽ മാത്രമേ മലങ്കരസഭയ്ക്ക് നവചൈതന്യത്തോടെ പ്രേഷിതവേല ചെയ്യാൻ കഴിയുകയുള്ളൂ എന്നുമുള്ള തിരിച്ചറിവിൽ നിന്നാണ് മാർ ഈവാനിയോസ് പിതാവ് പുനഃരൈക്യത്തിനായി ആഗ്രഹിച്ചതും പ്രവർത്തിച്ചതും. ഭാരതജനതയ്ക്ക് ഇന്ന് വചന സന്ദേശം ഫലവത്തായി കൊടുക്കുന്നതിന് പുത്തനുണർവ്വും തീക്ഷ്ണതയും കാലാനുസൃതമായ ഉപാധികളും ആവശ്യമാണെന്ന് ദശകങ്ങൾക്കുമുൻപേ ബോദ്ധ്യപ്പെട്ട മാർ ഈവാനിയോസ് പിതാവ് അതിനായി മുന്നിട്ടിറങ്ങി ക്രിസ്തുവിനുവേണ്ടി സമർപ്പിക്കാനായി തന്നെത്തന്നെ പരിത്യജിക്കുകയും തനിക്കുണ്ടായിരുന്നതെല്ലാം സുവിശേഷത്തെ പ്രതി നിഷ്പ്രഭമായിക്കണ്ട് ഉപേക്ഷിച്ച് മുണ്ടൻമലയിൽ നിന്ന് ഇറങ്ങുകയും ചെയ്തത് ഈ നവസുവിശേഷ വൽക്കരണത്തിന്റെ ആരംഭമായിരുന്നു. സഭയുടെ പ്രേഷിത ദൗത്യം സുവിശേഷം സ്വീകരിച്ച് ക്രിസ്ത്യാനികളായിരി ക്കുന്നവരുടെ ആത്മീയകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ (pastoral care) ഒതുങ്ങി നിൽക്കുന്നതല്ലെന്നും വിശ്വാസം നഷ്ടപ്പെട്ടവരുടെ ഇടയിലുള്ള പുനർസുവിശേഷ പ്രഘോഷണവും (re-evangelization) സുവിശേഷവെളിച്ചം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ അതെത്തിക്കുന്ന ദൗത്യവും (*missio ad gentes*) അടങ്ങിയിരിക്കുന്നു വെന്നും തിരുമേനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. വിദ്യാസമ്പന്നരും സംസ്ക്കാര സമ്പന്നരുമായ യുവജനതയെ വാർത്തെടുത്തെങ്കിൽ മാത്രമേ ഇന്ന് സുവിശേഷവൽക്കരണം കാര്യക്ഷമവും ഫലപ്രദവുമായി നടത്താൻ സാധിക്കൂ എന്ന ബോദ്ധ്യത്തിൽ നിന്നാണ് വിദ്യാഭ്യാസമേഖലയിലേക്ക് തിരുമേനി ശ്രദ്ധപതിപ്പിച്ചത്. തെക്കൻ കേരളത്തിൽ വചനവെളിച്ചം ലഭിക്കാത്ത അനേകരുണ്ടെന്നറിഞ്ഞ തിരുമേനി മറ്റ് സഭകളിൽ നിന്നുള്ള വൈദികരുടെ സഹായത്തോടെ ആ പ്രദേശങ്ങളിൽ തീക്ഷ്ണതയോടെ പ്രേഷിതവേല ചെയ്തു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികൾ ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നറിയിക്കാൻ സന്തോഷമുണ്ട്. നാമകരണ നടപടികളുടെ ഭാഗമായി കാനോനിക നിയമപ്രകാരമുള്ള ചരിത്രകമ്മീഷനും ഭദ്രാസന അന്വേഷണ കമ്മിറ്റിയും സ്ഥാപിതമാവുകയും

അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹങ്ങൾ തേടി അനേകർ ഓരോ ദിവസവും കബറിടം സന്ദർശിക്കുന്നു. എല്ലാ ദിവസവും കബറിങ്കൽ സന്ധ്യാപ്രാർത്ഥനയും ധൂപാർപ്പണവും ഉണ്ടെന്നുള്ള വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ.

ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ ജൂലൈമാസം ഒന്നു മുതൽ പതിനഞ്ചു വരെയുള്ള ദിവസങ്ങളിൽ ആചരിക്കുന്നു. ഈ ദിവസങ്ങളിൽ ഇടമുറിയാതെ ചെറുസംഘങ്ങൾ കബർചാപ്പലിൽ പ്രാർത്ഥനാനിരതരായിരിക്കും. എല്ലാദിവസവും വൈകിട്ട് കബറിങ്കൽ സന്ധ്യാപ്രർത്ഥനയും വിശുദ്ധ കുർബാനയും ക്രമീകരിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥം യാചിച്ചുകൊണ്ട് നമ്മുടെ യുവജനസംഘടനയുടെ (MCYM) നേതൃത്വത്തിൽ പെരുന്നാട്ടിലെ കുരിശുമലയിൽ നിന്നും കന്യാകുമാരിയിൽ നിന്നും മറ്റു വിവിധ സ്ഥലങ്ങളിൽ നിന്നും ജൂലൈ 10-ാം തീയതി മുതൽ പദയാത്രകൾ ആരംഭിക്കും. ധ്യാനിച്ചും പ്രാർത്ഥിച്ചും ഭക്തിപൂർവം നടത്തുന്ന ഈ പദയാത്രയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ എല്ലാവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. 14-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് പദയാത്രികർ കബറിങ്കൽ എത്തിച്ചേരും. തുടർന്ന് 6.15 ന് സന്ധ്യാനമസ്ക്കാരവും ധൂപപ്രാർത്ഥനയും നടത്തും. 15-ാം തീയതി രാവിലെ 8.30 ന് പ്രഭാത നമസ്ക്കാരവും തുടർന്ന് വിശുദ്ധ കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും. വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ഏതവസരത്തിലും കബറിങ്കൽ പ്രാർത്ഥന നടത്താനുള്ള സൗകര്യമുണ്ടായിരിക്കും. മാർ ഈവാനിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനും നേർച്ചകാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ദിവസവും വിശുദ്ധ കുമ്പസാരം നടത്തുന്നതിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാബാവാ

27.06.2011
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

By the grace of God and by the approval of the Holy See
From the Major Archbishop of the Syro-Malankara Catholic Church
**Moran Mor Baselios Cleemis Catholicos**
Blessings
to the Metropolitan Archbishop, Metropolitans, Corepicopoi,
Rambans, Priests, Deacons, Religious and the Faithful

Prot No CPL 2/2011

Praise be to the Triune God,
Self-existent, Almighty, Eternal and Consubstantial!

**The 58th Feast of Commemoration**
**of the Servant of God Archbishop Mar Ivanios**

Your Grace, Your Excellencies, Very Rev. Corepiscopoi and Rembans, Reverend Fathers, Deacons, Religious and dear Faithful in the Lord,

We observe the Feast of Commemoration of the Servant of God Archbishop Mar Ivanios from 1 to 15 July. As the Universal Catholic Church is preparing for New Evangelization, by reflecting, praying and studying, the relevance of the commemoration of the feast of Servant of God Archbishop Mar Ivanios, who embraced the path of Evangelization decades ago, is increased.

The ardent desire for the unity of the Churches is the important factor that which led Mar Ivanios to the formation of the Reunion Movement. He realized that the division among the Churches is a counter witness for Evangelization. The present Syro-Malankara Catholic Church, is an outcome of the tireless hard works of Mar Ivanios. He was filled with the apostolic authority and zeal of St. Paul and he wholeheartedly obeyed the commandment of Jesus Christ, “Go in to all the world and proclaim the good news to the whole creation” (Mk16:15), and thus he handed over the light of Evangelization to the children of India.

The Syro-Malankara Catholic Church along with the Universal Church, with the aim to kindle the zeal of mission among the people of the Church, is preparing for the First Syro-Malankara Catholic Church Assembly by studying deeply the subject *Suvisheshkayaya Malankara Suriyani Catholica Sabha*

(Syro-Malankara Catholic Church-the Evangelist). The repeated exhortations of Pope Paul VI and Blessed Pope John Paul II about the indispensability of New Evangelization, created a great enthusiasm in the Church. The Church understands the New Evangelization not as the proclamation of a new Gospel. On the contrary it means a renewal of the means, ways and commitment according to the needs of the time. The New Evangelization is the main object of deliberation of the Universal Catholic Bishops Synod from 7 to 28 October 2012.

Mar Ivanios realized that the zeal of mission of the Malankara Church has diminished and in Kerala the Church is in need of a new vision and insight for its apostolic works. He realized that only in union with the Universal Church, Malankara Church can engage in missionary activities with a new vigour and spirit and this realization inspired him for the work of Reunion Movement. Mar Ivanios understood decades ago that a new alertness and zeal to proclaim the Word of God to the people of India in accordance with the time is an urgent need of the Church. Therefore, he abandoned everything he had and set out for the new mission. His descent from *Mundanmala* in order to surrender himself to Christ became the beginning of a New Evangelization. He had the conviction that the apostolic mission of the Church is not limited to the pastoral care of those who have become Christians by receiving the Gospel, but also it includes the re-evangelization of those who lost the faith and also spreading the light among the people who are yet to receive the light of the Gospel (*missio ad gentis*). He was well aware that only if we form a generation of youth who is well educated and culturally well organized, the evangelization becomes effective and fruitful. Therefore, he paid a very close attention in the field of education. He knew that there were many people in the southern part of Kerala who could not receive the light of the Word, and he started zealous missionary work in southern region of Kerala with the help of priests from other Catholic Churches.

I am very happy to inform you that the Cause of Canonization of the Servant of God Mar Ivanios is making a remarkable progress. Historical Commission and Eparchial Enquiry Committee are constituted and their works are progressing well according to the norms of Canon Law.

Many people visit the Tomb of Mar Ivanios everyday seeking his blessings and intercession. As you know there is evening prayer and *Dhoopaprarthana* conducted at the tomb every day.

This year we observe the Feast of Commemoration from 1-15 July. Prayers are being offered continuously by small groups at the Tomb. Evening prayer

and Holy Qurbono are also arranged every day at the Tomb. Imploring the intercession of Mar Ivanios *padayatras* will begin from Kurisumala in Perunadu, Kannyakumari and from various places on 10 July under the leadership of our youth movement (MCYM). I urge all of you to participate in the *padayatra* which is conducted devotedly with meditation and prayer. The *padayatrees* will reach the tomb at 6.00 pm on Thursday, 14 July. Thereafter, there is Evening Prayer and *Dhoopaprarthana* at 6.15 p.m. On 15 July at 8.30 a.m. we have Morning Prayer and solemn Holy Qurbono, followed by *Dhoopaprarthana* and *Nercha*. There will be facilities to conduct prayers at the tomb at any time for individuals, families, and communities. And also arrangements are made for celebrating Holy Qurbono at the tomb of Mar Ivanios, and to receive the blessings by offering *nercha kazhcha.* There will be opportunities for Holy Confession every day.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and the communion of Apostles, especially of our Father and Apostle St. Thomas and all the Saints. Amen.

Your humble servant in the Lord

Sd/-
**Baselios Cleemis Catholicos**
Major Archbishop
of the Syro-Malankara Catholic Church

27.06.2011
Catholicate centre
Pattom, Thiruvananthapuram

Our Father in Heaven...

---

N.B.:This pastoral letter should be read in all our churches, mission centres and centres of worship during the Holy Qurbono next Sunday.

## മലങ്കര സുറിയാനി കത്തോലിക്കാസഭ

2011-ലെ അൽമായ ദിനത്തോടനുബന്ധിച്ച്
അല്മായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളിലേക്ക് നമ്മെ ചേർത്തു നിർത്തിക്കൊണ്ട്, പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റേതുമായ ഒരു നോമ്പു കാലം കൂടി കടന്നു പോയി. നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളിൽ നിന്ന് ശക്തി സ്വീകരിച്ച് ഉത്ഥാനത്തിന്റെ പ്രത്യാശയിൽ വർത്തമാനെകാലത്തിൽ കുറെക്കൂടി മെച്ചമായി ജീവിക്കാൻ നാം ഒരുങ്ങുകയാണ്.

എന്റെ കർത്താവേ, എന്റെ ദൈവമേ (യോഹ. 20, 28) എന്ന വിശ്വാസ പ്രഖ്യാപനത്തിലൂടെ ഉത്ഥിതനെ തൊട്ടറിഞ്ഞ മാർത്തോമാ ശ്ലീഹായിലൂടെ, ആദ്യ നൂറ്റാണ്ടിൽത്തന്നെ തിരുസഭയുടെ ഭാഗമാകാൻ ഭാഗ്യം സിദ്ധിച്ചവരാണ് മാർത്തോമാ ക്രിസ്ത്യാനികളായ നാം ഓരോരുത്തരും. എന്നാൽ, അനൈക്യത്തിന്റെ മുറിവുകളും ശൈഥില്യങ്ങളും കേരള സഭയിൽ ആഞ്ഞടിച്ചപ്പോൾ, യുഗപ്രഭാവനായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവ് സാർവത്രിക സഭയെ ആശ്ലേഷിച്ചത് കേരള സഭയിൽ പുതിയ ഒരു ചരിത്രത്തിനു നാന്ദി കുറിക്കുകയായിരുന്നു. ഒന്നുമില്ലായ്മയിൽ, ഒരു അല്മായനോടും മറ്റ് മൂന്നു പേരോടുമൊപ്പം യാത്ര ആരംഭിച്ച ആ പിതാവിന് അഭിമാനിക്കാൻ വക നൽകുംവിധം ഒരു സ്വയം ഭരണാധികാരമുള്ള സഭയായി നാം വളർന്നു കഴിഞ്ഞു.

ഒരു വ്യക്തിഗത സഭയെന്നത് ഉത്തരവാദിത്വത്തിലേക്കുള്ള കൂട്ടായ സമർപ്പണത്തിന്റെ അടയാളമാണ്. പിതാക്കന്മാരും സന്യസ്തരും പുരോഹിതരും ഉൾപ്പെടുന്ന ദൈവജനം ഒന്നാകെ ഒരു ശരീരംപോലെ, പണിതുയർത്തപ്പെട്ട യാഥാർത്ഥ്യമാണിത്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് നമ്മെ ഓർമ്മിപ്പിക്കുന്നത് ക്രിസ്തുവാണ് തന്റെ രക്തത്താൽ ഈ സഭയെ നേടിയെടുത്തത് (നട 20: 28) എന്നാണ്. തന്റെ ആത്മാവാൽ ഈ സഭയെ പൂരിതമാക്കിയതും ദൃശ്യവും സാമൂഹ്യവുമായ ഒരു ഐക്യത്തിനു വേണ്ടി എല്ലാ മാർഗങ്ങളും നൽകി സമ്പുഷ്ടമാക്കിയതും അവിടുന്നു തന്നെ. ക്രിസ്തുവിനെ തങ്ങളുടെ രക്ഷയുടെ കർത്താവും ഐക്യത്തിന്റെയും ശാന്തിയു

ടെയും ഉത്ഭവകേന്ദ്രവുമായി പരിഗണിക്കുന്നവരുടെ സമൂഹത്തെ, ദൈവം യോജിപ്പിച്ച് ഒരു സഭയായി സ്ഥാപിച്ചു. എല്ലാവർക്കും, ഓരോരുത്തർക്കും രക്ഷാകരമായ ഐക്യത്തിന്റെ ദൃശ്യ കൂദാശയായിത്തീരണം അവൾ എന്നതാണ് ഇതിന്റെ ഉദ്ദേശ്യം (തിരുസഭ നമ്പർ 9). സാർവത്രിക സഭയുടെ ഈ ദർശനം തന്നെയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അസ്തിത്വം. ജാതിമത വർഗവർണങ്ങൾക്കതീതമായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്ന ഒരു ദൃശ്യകൂദാശയായി മലങ്കര സുറിയാനി കത്തോലിക്കാ സഭ പരിലസിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇപ്രകാരം ഒരു മുഖം നൽകുക എന്ന ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ സഭയിലെ ദൈവജനത്തിനാണ്. മാമ്മോദീസായിലൂടെ ക്രിസ്തുവിൽ ചേർക്കപ്പെട്ട്, ദൈവജനമായി സ്ഥാപിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. ഇക്കാരണത്താൽ ക്രിസ്തുവിന്റെ പുരോഹിത, രാജകീയ, പ്രവാചക ധർമ്മങ്ങളിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാക്കുകളായിക്കൊണ്ട്, ലോകത്തിൽ പൂർത്തിയാക്കുവാൻ ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുസരിച്ച് നിർവഹിക്കാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവ വിശ്വാസികൾ (CCEO can 7 §1).

ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷം സഭാ അസംബ്ലിക്കായി നാം ഒരുങ്ങുമ്പോൾ മുകളിൽ സൂചിപ്പിച്ച ദൗത്യം നാം നിർവഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. "സുവിശേഷകയായ മലങ്കര സഭ" എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി സഭയുടെ പ്രേഷിതവൃത്തിയെക്കുറിച്ച് നാം പുനർവിചിന്തനം നടത്തുമ്പോൾ, അൽമായർക്കുമുന്നിൽ ഒരു വലിയ സാധ്യതയാണ് തുറന്നിട്ടിരിക്കുന്നത്. അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേക്ക് തിരുസഭയെ, പ്രത്യേകിച്ച് മലങ്കര സഭയെ ലോകത്തിനു പരിചയപ്പെടുത്തുവാൻ നമുക്ക് സാധിക്കും എന്ന കാര്യത്തിൽ തർക്കമില്ല. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:10). "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (അ. പ്ര 1:8). പ്രേഷിത പ്രവർത്തനത്തിനുള്ള വലിയ ആഹ്വാനമാണ് വി. വേദപുസ്തകം നമുക്ക് നൽകുന്നത്.

വി. കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്ന നാം ഇനി സാക്ഷികളായി പരിണമിക്കേണ്ട സമയമാണ്. മലങ്കര സഭയുടെ പുനർ സുവിശേഷവൽക്കരണം എങ്ങനെ സാധ്യമാക്കാമെന്നും സഹോദരീസഭകളുമായുള്ള ബന്ധത്തിലൂടെ പുനരൈക്യത്തിന്റെ പ്രസക്തി എപ്രകാരം വർദ്ധിപ്പിക്കാമെന്നും മറ്റ് മതസ്ഥരുടെ ഇടയിൽ ഒരു സജീവ സാക്ഷിയായി നിലനിന്നുകൊണ്ട് എങ്ങനെ സുവിശേഷമായി മാറാൻ സാധിക്കും എന്നും പഠിക്കുവാനും പ്രാവർത്തികമാക്കാനും ഓരോ അൽമായ വിശ്വാസിയും ശ്രദ്ധിക്കേണ്ടതാണ്.

ക്രിസ്തുവിന്റെ മൗതിക ശരീരം നിലകൊള്ളുന്നത്, തന്റെ രക്തം കൊണ്ട് വിലയ്ക്കു വാങ്ങിയ ദൈവജനത്തിലാണ്. അതിനാൽത്തന്നെ സഭയിൽ ഗണ്യമായ

ഒരു സ്ഥാനം അല്മായർക്കുണ്ട്. കാരണം, "അവർ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജന വുമാണ്. മുമ്പ് നിങ്ങൾ ഒരു ജനമായിരുന്നില്ല ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ ജന മായിരിക്കുന്നു" (പത്രോസ് 2:9-10). ദൈവജനമെന്ന നിലയിൽ സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ അൽമായരുടെ പങ്കുണ്ടായിരിക്കണം. എല്ലാവരെയും സുവിശേഷം അറിയിച്ച് വിശുദ്ധീകരിക്കുകയെന്ന പൊതു ദൗത്യത്തോടൊപ്പം ലോകത്തിൽ ആയി രുന്നുകൊണ്ട്, തങ്ങൾക്ക് ചുറ്റുമുള്ള ഭൗതിക മണ്ഡലങ്ങളെ സുവിശേഷ ചൈതന്യം വഴി പൂർണമാക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യേണ്ടവരാണ് അല്മായർ. ചുരുക്കത്തിൽ, ക്രിസ്തു ചൈതന്യത്താൽ ജ്വലിച്ച്, ലോകത്തെ പുളി പ്പിക്കേണ്ടവരാണ് ഇവർ.

ശിരസാകുന്ന ക്രിസ്തുവിനോടു ചേർന്ന് നിന്നുകൊണ്ട് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങൾ വഴിയാണ് അൽമായർ തങ്ങളുടെ പ്രേഷിതദൗത്യം പ്രാവർത്തികമാക്കേണ്ടത്. സുവിശേഷ പ്രഘോഷണത്തിലൂടെ മാനവ വിശുദ്ധീക രണത്തോടൊപ്പം ഭൗതീക വസ്തുക്കളുടെയെല്ലാം ക്രമം ശരിപ്പെടുത്തി ക്രിസ്തു വിലൂടെ അവയെ ദൈവത്തിലേക്ക് നയിക്കാനും അൽമായ പ്രേഷിതർക്ക് സാധിക്കണം. ഇതിനു വ്യക്തവും സംഘടിതവുമായ പ്രേഷിതപ്രവർത്തനം അനി വാര്യമാണ്. സഭയ്ക്ക് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാത്ത ചില മേഖലകൾ ലോക ത്തിലുണ്ട്. അവിടെ വ്യക്തികളുടെ പ്രേഷിതപ്രവർത്തനം അനിവാര്യമാണ്. ലോകത്തിന്റെ പുളിമാവായി, ജീവിത സാക്ഷ്യത്തിലൂടെ പുതിയ വിശ്വാസ കൂട്ടാ യ്മയ്ക്കു ജന്മം നല്കുവാൻ സാധിക്കണം. അതോടൊപ്പം തന്നെ, മനുഷ്യൻ ഒരു സാമൂഹിക ജീവിയായതു കൊണ്ട് പ്രേഷിതത്വത്തിന്റെ സാമൂഹ്യമാനവും നാം ശ്രദ്ധി ക്കേണ്ടിയിരിക്കുന്നു. അവിടെ സഭയുടെ ഹയരാർക്കിയോട് ചേർന്നു നിൽക്കുന്ന പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നതിനും സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാ സത്തിനും വിരുദ്ധമായ ന്യൂ ഏജ് മൂവ്മെന്റുകളെ തിരിച്ചറിയുന്നതിനും അൽമായർ ശ്രദ്ധയുള്ളവരായിരിക്കണം.

കേരളം പൊതു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു കഴിഞ്ഞുവല്ലോ. നമ്മുടെ ഇടവകകളിലെ ശക്തരായ അല്മായ സഹോദരങ്ങൾ ഒരുമിച്ച് മൂല്യബോധവും സത്യ സന്ധതയും ധാർമ്മികതയും ഈശ്വരവിശ്വാസവും രാഷ്ട്ര സേവനതൽപരതയു മുള്ള പ്രാദേശിക നേതൃത്വം വളർത്തിയെടുക്കേണ്ടതാണ്. വരും വർഷങ്ങളിൽ ശക്ത മായ ഒരു നേതൃത്വത്തെ നമ്മുടെ അല്മായരുടെ ഇടയിൽ വളർത്തിയെടുക്കുവാൻ നാം പരിശ്രമിക്കണം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അൽമായർക്ക് കൂടിവരുന്നതിനും സുവിശേഷം പ്രേഷിത പ്രവർത്തനമാക്കുന്നതിനുമുള്ള വേദിയാണ് മലങ്കര കാത്ത ലിക്ക് അസോസിയേഷൻ. സഭയെ വളർത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചവരാണ് ഓരോ പ്രദേശത്തെയും നമ്മുടെ അൽമായ സഹോദരങ്ങൾ. അസംബ്ലി നടക്കുന്ന ഈ വർഷത്തിൽ, നമ്മുടെ സഭയുടെ ആരംഭം മുതൽക്ക് അല്മായ ശുശ്രൂഷ നല്കിയ മുൻനിര പ്രവർത്തകരെ കണ്ടുപിടിക്കുകയും വരും തലമുറയ്ക്ക് ഉതകുന്ന

രീതിയിൽ അവരുടെ ചരിത്രം സൂക്ഷിക്കുന്നതിനും ഓരോ ഭദ്രാസനത്തിലെയും എം. സി. എ. അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവിന്റെ ഓർമ്മദിനം നാം അല്മായദിനമായി കൊണ്ടാടുന്നു. തൊഴിലിനോടുള്ള മഹത്വം ലോകത്തിനു പകരാൻ നാം ഉത്സുകരായിരിക്കണം. നീതിയും സത്യസന്ധതയും തൊഴിൽ മേഖലകളിൽ വ്യാപിപ്പിക്കണം. മാത്രമല്ല, നമ്മുടെ കുടുംബങ്ങൾ നസ്രത്തിലെ തിരുകുടുംബംപോലെ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും പ്രതീകമായി മാറണം. ഈ വർഷം സഭയിൽ മെയ് 8-ാം തീയതി ഞായറാഴ്ചയാണ് അല്മായ ദിനമായി നാം കൊണ്ടാടുന്നത്. ഈ വർഷത്തെ അല്മായ ദിനത്തിൽ സഭയുടെ പഠന വിഷയമായ സുവിശേഷകയായ മലങ്കര സഭ എന്ന വിഷയത്തെ കുറിച്ച് എം. സി. എ. അംഗങ്ങൾക്കിടയിൽ അവഗാഹം ഉണ്ടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ എല്ലാ ഇടവകകളിലും എം. സി. എ. യൂണിറ്റുകൾ സ്ഥാപിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ഉള്ള യുണിറ്റുകൾ ഫലപ്രദമായി സഭയുടെ ചൈതന്യത്തിലേക്ക് വളർത്തുകയും വേണം. എല്ലാ ഇടവകകളിലും എം. സി. എ. ദിനം ആചരിക്കുകയും അംഗത്വം പുതുക്കുകയും പുതിയ ആളുകളെ എം. സി. എ. യിൽ ചേർക്കുകയും വേണം. എം. സി. എ. യുടെ ആഭിമുഖ്യത്തിൽ അല്മായരെ ശക്തിപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുകയും കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. എം. സി. എ. യുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടത് ഓരോ അല്മായന്റേയും കടമയാണ്. മെയ് 8-ലെ കാണിക്ക ഭദ്രാസന പ്രൊക്കുറേറ്ററുടെ പേർക്ക് ബഹു. അച്ചന്മാർ അയ്ച്ചുകൊടുക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാനായി കഴിഞ്ഞ കാലങ്ങളിൽ സേവനം അനുഷ്ഠിച്ചത് പുത്തൂർ ഭദ്രാസന അദ്ധ്യക്ഷനായ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയായിരുന്നല്ലോ. തന്നെ ഏൽപ്പിച്ച ദൗത്യം ഏറെ ഉത്തരവാദിത്തപൂർവം നിർവഹിക്കാൻ അഭിവന്ദ്യ പിതാവിനു സാധിച്ചു. അല്മായരെ സംഘടിപ്പിക്കുന്നതിലും ശക്തീകരിക്കുന്നതിലും അവരെ വിശ്വാസത്തിൽ വളർത്തുന്നതിലും അഭിവന്ദ്യ പിതാവ് തൽപരനായിരുന്നു. അഭിവന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം തന്നെ കഴിഞ്ഞ കാലങ്ങളിൽ എം. സി. എ. നയിച്ച അല്മായ സുഹൃത്തുകളെയും മാർഗനിർദേശം നല്കിയ ബഹു. വൈദികരെയും, സന്യസ്തരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

നമ്മുടെ എല്ലാ ഇടവകകളിലും അനുഭവ സാക്ഷ്യം ഉള്ള ഒരു അല്മായ സംഘം ഉണ്ടാകട്ടെ. നമുക്ക് ചുറ്റുമുള്ള പരിതസ്ഥിതികൾ അല്മായർ ഉണർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. ധാർമ്മിക പ്രശ്നങ്ങളായ മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം പൊതുരംഗത്തെ അഴിമതികൾ, അനീതി, ജനസംഖ്യാ നിയന്ത്രണ മാർഗങ്ങൾ, ഗർഭഛിദ്രം, വിശ്വാസത്തിന്റെ മേലുള്ള ശാസ്ത്രത്തിന്റെ കടന്നുകയറ്റം, നിരീശ്വരവാദം, ഭൗതികവാദം, ഭൂകമ്പങ്ങളും സുനാമിയുംപോലുള്ള പ്രകൃതിക്ഷോഭങ്ങൾ ഒക്കെ നമുക്കു മുൻപിൽ പ്രതിബന്ധങ്ങൾ

സൃഷ്ടിക്കുന്നു. എന്നാൽ, ഇവിടെ ഉത്തമ ക്രൈസ്തവ സാക്ഷ്യം നൽകി ജീവിക്കാൻ നമ്മുടെ അല്മായർക്ക് സാധിക്കേണ്ടിയിരിക്കുന്നു. കൂടുതൽ തലങ്ങളിലേക്ക് നമ്മുടെ പ്രേഷിത ശുശ്രൂഷകൾ വളരേണ്ടതുണ്ട്. അവിടെ സ്വന്തം കർത്തവ്യങ്ങളെക്കുറിച്ച് ബോധ്യമുള്ളവരായി ക്രിസ്തുവിനെയും സഭയെയും വിവിധ തുറകളിൽ സേവിക്കാൻ നമ്മുടെ അല്മായ സഹോദരങ്ങൾക്കു സാധിക്കട്ടെ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

എന്ന്,

+ Mar Ignatius

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അല്മായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ
ചെയർമാൻ & മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

അമലഗിരി
ഈസ്റ്റർ 2011

N.B: ഈ സർക്കുലർ അല്മായ ദിനമായ മെയ് 1-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

## The Syro - Malankara Catholic Church

### The Message of **Most Rev. Dr. Joshua Mar Ignathios** the Chairman of the Synodal Commission for the Laity, on the Laity Day 2011

Rev. Fathers, Deacons, Religious and dear Faithful in the Lord!

One more Lenten season of prayer and sacrifice is over by holding us close to the Paschal mystery of Christ. We are preparing to lead a better life in the present time by receiving strength from the sufferings of our Lord and in hope of the resurrection.

We, the Mar Thoma Christians are fortunate to become a part of the Holy Church in the first century itself through St. Thomas who experienced the Risen Lord through the proclamation of 'My Lord and my God"(John: 20,28). But when the wounds of disunity and disruption blew violently in the Kerala Church, Mar Ivanios embraced the Universal Church that marked the beginning of a new history in the Church in Kerala. Mar Ivanios who started his journey with one Layman and other three people from nothingness, can be proud that we are raised to the status of *sui juris* Church.

An individual Church is a symbol of dedication to common responsibility. It is a reality that the People of God including Bishops, Religious and Priests altogether are built up as a body. The Second Vatican Council reminded us that Christ redeemed this Church with his blood (Acts 20:28). He filled this Church with his spirit and nourished with all means for the visible and social unity. God brought together and established a church with the community which considers Christ as redeemer and centre of origin for unity and peace. The aim is that she will be a visible sacrament for each and everyone (LG 9).This view of the Universal Church is actualised in the existence of the Syro-Malankara Catholic Church. The Syro-Malankara Catholic Church shines forth as a visible Sacrament that pervades all parts of the world irrespective of caste and religion. The People of our Church entrusted the responsibility to give such a face to the Syro-Malankara Catholic Church. Christians are those who are brought

together through baptism in Christ and established as People of God. For this reason, Christian Faithful are called to fulfill in the world that which is entrusted to the Church by God according to their life situation, by participating in their own way in Christ's priestly, kingly and prophetic duties (CCEO can7§1)

It is essential to execute the above mentioned mission when we are preparing for the Church Assembly after the elevation of our Church to the status of a Major Archiepiscopal Church. A great possibility is opened in front of the Laity, when we reconsider the apostolic activities based on the theme *"Suvishehakayaya Malankara Sabha.* There is no doubt that we can introduce the Church, especially, Malankara Church to the world from the experience to testimony. "Go in to all the world and proclaim the good news to the whole creation"(Mk 16:10). "You will receive power when the Holy Spirit has come up on you; and you will be my witnesses in Jerusalem, in all Judea and Samaria and to the ends of the earth"(Acts 1:8). Holy Bible gives great invitation for apostolic activities.

It is the time for us who received Holy Spirit through holy Sacraments, to become witness. Each lay faithful pay attention to the possibility of how to re-evangelize the Malankara church, how to make more relevant of the Reunion Movement through our relationship with the sister Churches, and how to become a gospel among the other religion as a living witness.

The Mystical Body of Christ exists in the People of God who are bought by His own blood. Hence Laity has a substantial position in the Church. "You are a chosen race, a royal priesthood, a holy nation, God's own people in order that you may proclaim the mighty acts of him who called you out of darkness in to his marvelous light"(1Peter 2: 9-10). The laity participates in the apostolic activities of the Church as the People of God. Being in the world, the Laity has along with the common mission to sanctify all by proclaiming the Word of God, to fulfill and sanctify the material sphere around us with the spirit of the Gospel. In short, they shall ferment the world with the blaze of Christ's spirit.

By standing close to Christ the head, laity has to execute the apostolic mission through the virtues such as faith, hope, and love. Laity can sanctify humanity through the proclamation of the Word of God along with ordering the material things to lead them to God through Christ. For this, obvious and organized apostolic activities are essential. There are certain regions in the world where the Church has no freedom to work. Individuals' apostolic activities are essential there. We should be able to give birth to a new faith community through life testimony as leavened dough of the world. Together with it we have to attend the social aspect of the apostolate since man is a social being.

Laity should pay attention to fulfill the apostolic activities in communion with the hierarchy of the Church and recognize the new age movements opposed to the traditions and faith of the Church.

Kerala faces the the democratic election. Our Laity together shall foster local leadership based on value awareness, faithfulness, moral fervor, faith in God and readiness to serve the country. We try to foster a strong leadership among our Laity in the coming years.

Malankara Catholic Association is a dais for the Laity to come together and to find practical ways to fulfill their obligation of evangelization and missionary activities of the Syro-Malankara Catholic Church. In the year of Assembly our Laity in each locality made great contribution in the growth of the Church. MCA members of each Eparchy should find out the leaders among the Laity who from the beginning of our Church toiled for it and keep their history for the future generation.

We celebrate Laity day on the feast day of St. Joseph, the patron of workers. We should be enthusiastic to transmit to the world the nobility of labour. We should disseminate justice and faithfulness in the labour sector. Moreover our families should become symbol of prayer and love like the Holy family of Nazareth. This year we celebrate the Laity day in our Church on 8 May Sunday. This year on the Laity day we should pay attention to create a deep knowledge among the MCA members on the lineamenta *Suviseshakayaya Malankara Sabha* (Malankara Church - the Evangelist). Rev. Parish Priests should pay attention to establish MCA units in all the parishes. The existing units should grow in to the spirit of the Church. All the parishes observe the MCA day, renew the membership and add new members to the MCA. Under the auspices of MCA, try to strengthen and train the Laity and formulate action plan. It is the obligation of each Lay man to strengthen the activities of the MCA. Rev. Fathers are to send to the *Sthothrakazhcha* on 8 May to the Procurators of Eparchies.

His Excellency Most Rev. Geevarghese Mar Divannasios, Bishop of Puttur, served as the Chairman of Synodal Commission for the Laity in the past years. He was able to carry out the mission he was given with responsibility. He was diligent in organizing and empowering the Laity and in inspiring them to grow up in faith. I remember with gratitude the activities of His Excellency. Along with him I remember with gratitude the Lay people who lead MCA in the past and Rev. Priests and religious for their guidance.

May there be a group of Laity with who can witnesses with experience in

all our parishes. The environment around us point out the need that the Laity should wake up and act. Moral problems such as drinking intoxicating liquor, use of drugs, corruption in the public life, injustice, means of controlling population, abortion, over domination of science over faith, atheism, materialism, catastrophe like earthquake and tsunami are creating obstacles in front of us. In these circumnstances, But our Laity should able to live giving noblest Christian witness. May our Laity serve Christ and the Church in various sectors with the awareness of responsibilities!

May God bless us

sd/-

**+ Dr. Joshua Mar Ignathios**
Chairman, Synodal Commission for the Laity
Bishop of the Eparchy of Mavelikara

Amalagiri
Easter 2011

**മലങ്കര സുറിയാനി കത്തോലിക്കാസഭ**

CL SC 2/2011

2011-ലെ ദൈവവിളിദിനത്തോടനുബന്ധിച്ച്
ദൈവവിളി കമ്മീഷൻ ചെയർമാൻ **അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത** പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭ 2011 മെയ് 15 ഞായറാഴ്ച ദൈവവിളിദിനമായി ആചരിക്കുകയാണല്ലോ. പ്രാദേശിക സഭകൾ എങ്ങനെ ദൈവവിളികളെ പ്രോത്സാഹിപ്പിക്കണമെന്ന് പ. പിതാവ് നിർദ്ദേശിച്ചിട്ടുണ്ട്. (Proposing Vocations as the Local Churches) മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ച്, അതിന്റെ പ്രഥമസഭാഅസംബ്ലിക്ക് തിരഞ്ഞെടുത്തിരിക്കുന്ന വിഷയവുമായി (സുവിശേഷകയായ മലങ്കരസഭ) ദൈവവിളി പ്രാർത്ഥനാദിനം ഏറെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പറയേണ്ടതില്ലല്ലൊ.

പഴയനിയമത്തിൽ ദൈവം അനേകരെ തന്റെ ശുശ്രൂഷയ്ക്കായി വിളിച്ച്, വേർതിരിച്ച്, ശക്തിപ്പെടുത്തി അയച്ച അനവധി സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവർ ദൈവത്തിന് പകരക്കാരായി സംസാരിക്കുന്ന നാവുകളും, ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്ന കരങ്ങളും, അവിടുത്തേക്ക് വേണ്ടി ഓടുന്ന കാലുകളുമൊക്കെയായി രൂപാന്തരപ്പെട്ട കഥയാണ് മോശയുടെയും, ജോഷ്വായുടെയും, ഏലിയായുടെയും, ജെറമിയായുടെയുമൊക്കെ ജീവിതങ്ങൾ.

പുതിയനിയമത്തിലെ ദൈവവിളികളെക്കുറിച്ച് പറയുമ്പോൾ, പ്രധാനമെന്ന് തോന്നുന്ന ഏതാനും വസ്തുതകൾ താഴെപ്പറയുന്ന വയാണ് :

1. **ദൈവം ഒരാളെ വിളിക്കുന്നതിന്റെ മാനദണ്ഡം, യേശു അയാളെ ഇഷ്ടപ്പെടുന്നു എന്നുള്ളത് മാത്രമാണ്.**

ആ വ്യക്തിയുടെ അറിവോ, അഴകോ, കഴിവോ, സമ്പത്തോ, കുലമഹിമയോ ഒന്നുമല്ല അളവുകോലായി പരിണമിക്കുന്നത്: "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 15:16). മാനുഷികമായ അയോഗ്യതയെ യോഗ്യതയാക്കിപ്പകർത്തുന്ന ദൈവീകകാരുണ്യവും ബലഹീനതയെ ബലമാക്കി ത്തീർക്കുന്ന ദൈവീകജ്ഞാനവുമാണ് ദൈവവിളിയുടെ നിദാനം.

"മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം" (റോമ 9:16). ദൈവം ഒരാളെ ഇഷ്ടപ്പെട്ടാൽ, ആ

വ്യക്തിയെ വിളിച്ച് സ്വന്തമാക്കും. അതുകൊണ്ടാണ് ജെറമിയായുടെ പ്രവചനത്തിൽ നാം വായിക്കുന്നത്: "എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കുതരും; അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും" (ജെറ3:15).

**2. ദൈവവിളി ഒരു ദാനമാണ്: അതു പ്രാർത്ഥനയുടെ ഫലമാണ്.**

ഒരു രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിച്ചശേഷമാണ്, പ്രഭാതത്തിൽ ശിഷ്യരെ തന്റെ അടുത്തേക്ക് വിളിച്ച്, അവരിൽ നിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തത് (ലൂക്കാ 6:12-13). "തന്റെ വിള ഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9:38) എന്ന് കല്പിച്ചത് നമ്മുടെ കർത്താവു തന്നെയാണ്.

**3. ദൈവവിളികൾ ദൈവരാജ്യത്തിന്റെ ആവശ്യകതയിൽ നിന്ന് ഉത്ഭൂതമാകുന്നു.**

ഇസ്രായേൽ ജനത്തിന്റെ അടിമത്വത്തിൽനിന്നും കഷ്ടപ്പാടുകളിൽ നിന്നും അവരെ മോചിപ്പിക്കുവാൻ, അവർക്ക് നേതൃത്വം നൽകുവാൻ നായകരില്ലാത്ത അവസ്ഥയിലാണ് മോശയുടെ വിളി. ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. എന്തെന്നാൽ അവർ ഇടയനില്ലാത്ത ആടുകളെപ്പോലെയായിരുന്നു. ലോകത്തിന്റെ സ്ഥിതിയെ വിളഭൂമിയോടു പമിച്ചുകൊണ്ട് യേശു അരുളിച്ചെയ്തു: "നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേക്ക് നോക്കുവിൻ. അവ ഇപ്പോൾ തന്നെ വിളഞ്ഞു കൊയ്ത്തിന് പാകമായിരിക്കുന്നു" (യോഹ 4:35). വിളഞ്ഞുപാകമായ ധാന്യം തക്കസമയത്ത് കൊയ്തെടുക്കുന്നില്ലെങ്കിൽ അവ കൊഴിഞ്ഞ് നശിക്കും. നാശമൊഴിവാക്കാൻ ധാരാളം കൊയ്ത്തുകാരുടെ അടിയന്തിരസേവനം ആവശ്യമുണ്ട്.

**4. യേശു തന്നെ അനുഗമിക്കുവാൻ ആൾക്കാരെ വിളിക്കുകയും, അവരെ സ്നേഹപൂർവം പരിശീലിപ്പിക്കുകയും ചെയ്യുന്നു.**

ദൈവരാജ്യത്തിലേക്ക് മനുഷ്യരെ വീശിപ്പിടിക്കുവാൻ നിയോഗിക്കപ്പെടുന്നവരുടെ ഗുണവിശേഷം യേശുവിനെ അറിയുക, സ്നേഹിക്കുക, സ്നേഹത്തെപ്രതി സർവതും ത്യജിക്കുക, മരിക്കുക എന്നുള്ളതാണ്. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ, അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24). അവർ യേശുവിനോടൊപ്പം സഹനത്തിന്റെ മാമ്മോദീസാ മുങ്ങുകയും, മരണത്തിന്റെ കാസാ കുടിക്കുകയും വേണം (മർക്കോ 10:38).

**ദൈവവിളിയും ഇന്നിന്റെ വെല്ലുവിളിയും.**

നാം ജീവിക്കുന്ന സമൂഹത്തിൽ പൗരോഹിത്യത്തിലേക്കും, സന്യാസ ജീവിതത്തിലേക്കുമുള്ള വിളികൾക്ക് ഘടകവിരുദ്ധമായി പ്രവർത്തിക്കുന്ന ശക്തികളും സ്വാധീനങ്ങളുമുണ്ട്: കമ്പോള സംസ്ക്കാരം യുവജനങ്ങളെ പഠിപ്പിക്കുന്നതു, അവർക്കുവേണ്ടി മാത്രം ജീവിക്കാനാണ്; വേറൊരാൾക്ക് സേവനം അനുഷ്ഠിക്കുന്നത് ഒരു സാമ്പത്തികനഷ്ടമായി കണക്കാക്കപ്പെടുന്നു. കുഞ്ഞുങ്ങളുടെ സംഖ്യകുറയ്ക്കുന്നതും പെൺഭ്രൂണങ്ങളെ നശിപ്പിക്കുന്നതും സർവസാധാരണമായിരിക്കുന്നു. അദ്ധ്യാപകർ, നേഴ്സുമാർ, പോലീസ്, അഗ്നിശമനസേന എന്നീ സേവനരംഗങ്ങളിലെല്ലാം വിദേശരാജ്യങ്ങളിൽ വലിയ

ജനദൗർലഭ്യം അനുഭവപ്പെടുന്നു. ആയുഷ്ക്കാലം മുഴുവൻ ദീർഘിക്കുന്ന ബന്ധങ്ങൾ ബന്ധനങ്ങളായി കണക്കാക്കപ്പെടുന്നു. അത് വൈദികരുടെയും സന്യസ്ഥരുടെയും വിളിയിൽ മാത്രമല്ല, വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവരുടെ സംഖ്യയും കുറഞ്ഞുവരുന്നതായി കണക്കുകൾ കാണിക്കുന്നു. ഈ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നാം ഇന്ന് ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമിക്കുന്നതും പ്രാർത്ഥിക്കുന്നതും.

പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും വിലയിടിച്ചു കാണിക്കുവാൻ, മാധ്യമങ്ങൾ ബോധപൂർവം ശ്രമിക്കുന്ന വേളയിൽ സഭയിൽ നാം ഒരു പ്രതിസംസ്ക്കാരം സൃഷ്ടിക്കാൻ ശ്രമിക്കണം. യേശുവിന്റെ പകരക്കാരനായി നിന്നുകൊണ്ട് കൂദാശവചനങ്ങൾ ഉച്ചരി ക്കുകയും, പരിശുദ്ധാത്മാവിനെ വിളിച്ചുവരുത്തുകയും ചെയ്യാൻ വൈദികനുമാത്രമേ ഈ ഭൂമിയിൽ കഴിയുകയുള്ളു. അതുകൊണ്ടാണ് 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. അപ്രേം ഇപ്രകാരം പാടിയത്: "അമ്മേ, എന്നോട് പരിഭവം തോന്നരുതേ; നിനക്ക് ഒരു പ്രാവശ്യമല്ലേ യേശുവിന് ജന്മംനൽകി കൈകളിലെടുക്കുവാൻ കഴിഞ്ഞുള്ളു. എന്നാൽ ഒരു വൈദികൻ എത്രപ്രാവശ്യമാണ് യേശുവിനെ (കൂദാശപരമായി) ജനിപ്പിച്ച് കൈകളിൽ എടുക്കുന്നത്? അതുകൊണ്ട് പൗരോഹിത്യത്തിന്റെ കാര്യത്തിൽ നിന്നെക്കാൾ എത്രയോ ഭാഗ്യപ്പെട്ടവനാണ് ഒരു വൈദികൻ."

**പ്രാദേശികസഭയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുവാനുള്ള കടമ.**

1994-ൽ കുടുംബവർഷമായി ആചരിച്ചപ്പോൾ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കുടുംബങ്ങൾക്ക് ഒരു കത്തെഴുതി. അതിൽ മാതാപിതാക്കളോടു മാർപ്പാപ്പ ഇപ്രകാരം അഭ്യർത്ഥിച്ചു: പ്രിയ മാതാപിതാക്കളെ, നിങ്ങളുടെ മക്കളിൽ ഒരാളെ എനിക്കുതരണം. ആണായാലും പെണ്ണായാലും ഒരു കുഞ്ഞിനെ ഞാൻ ആവശ്യ പ്പെടുന്നത് എന്തിനാണെന്ന് നിങ്ങൾക്കറിയാമോ? ദൈവസ്നേഹ ത്തെപ്പറ്റി, അവരിലൂടെ ലോകമെങ്ങും പ്രഘോഷിക്കാൻ. അങ്ങനെ നിങ്ങൾ തരുന്ന മകൻ / മകൾ നിങ്ങളുടെ കുടുംബത്തിന് വലിയൊരു അനുഗ്രഹം ആയിരിക്കും (A Letter to the Families)

ശബ്ദമുഖരിതമായ ഇന്നത്തെ സമൂഹത്തിൽ യേശുവിന്റെയും സഭയുടെയും ശബ്ദം ഇന്ന് കേൾക്കപ്പെടുന്നില്ല; കേട്ടാൽ തന്നെ അവഗണിക്കുകയും ചെയ്യുന്നു. നിരാശരാകാതെ ധൈര്യപൂർവം വ്യക്തികളോടും കുടുംബങ്ങളോടും ഈ വിഷയം ആവർത്തിച്ചു പറയാൻ നാം ബാദ്ധ്യസ്ഥരായിരിക്കുന്നു.

ദൈവവിളികൾ ബോധപൂർവം നട്ടുനനച്ചുവളർത്താനുള്ള കടമ ക്രൈസ്തവസമൂഹം മുഴുവന്റെയുമാണ്. ക്രൈസ്തവ സമൂഹങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വൈദികർ വഹിക്കേണ്ട പങ്കിനെപ്പറ്റി പ. മാർപ്പാപ്പ പ്രത്യേകം എടുത്തുപറയുന്നുണ്ട്. മതബോധനം, ബാലജനസഖ്യം, മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരുടെ സഖ്യം, യുവജനസംഘടന എന്നിവയിലെല്ലാം അവസരം കിട്ടുമ്പോൾ ഈ വിഷയം സംസാരിക്കുകയും പ്രാർത്ഥിക്കുകയും വേണം. പൗരോഹിത്യത്തിലേക്ക് മാത്രമല്ല, സന്യാസ ജീവിതത്തിലേക്കും, മിഷണറിയായും പോകാനാഗ്രഹിക്കുന്ന യുവതിയുവാക്കളെ അതിനായി പ്രോത്സാഹിപ്പിക്കണം.

സഭയുടെ സേവനരംഗങ്ങളിൽ സന്യാസികളുടെ സാന്നിധ്യം ആവശ്യമാണ്. ദൈവവിളികൾ റിക്രൂട്ട് ചെയ്യുന്നതിൽ  ഇടവകവികാരിയുടെ അറിവും സമ്മതവും ആവശ്യമാണ്. അതുപോലെ അവരവരുടെ റീത്തിൽപ്പെടാത്ത രൂപതകളിലും സന്യാസസഭകളിലും അർത്ഥി / അർത്ഥിനിയായി ചേരുന്നതിന് രൂപതാദ്ധ്യക്ഷന്റെ അനുവാദം മുൻകൂറായി വാങ്ങിയിരിക്കണം.

സ്വന്തം വിളിയെക്കുറിച്ച് സന്തോഷവും നന്ദിയുമുള്ളവർ വൈദികൻ പൗരോഹിത്യ - സന്യാസവിളികളെ പ്രോത്സാഹി പ്പിക്കുവാൻ പരിശ്രമിക്കും. ഒരു വൈദികനെ സംബന്ധിച്ച്, വിശ്വാസത്തോടും ഭക്തിയോടും കൂടിയുള്ള വി.കുർബാനയുടെ അർപ്പണം, വ്യക്തിപരമായ പ്രാർത്ഥനാ ജീവിതം, ആടുകൾക്ക് വേണ്ടി മുഴുസമയം കഷ്ടപ്പെടുന്ന ഇടയജീവിതം, എന്നിവയാണ് യുവതലമുറയെ ആകർഷിക്കുന്നത്. കൂടാതെ മദ്ബഹായിൽ ശുശ്രൂഷിക്കുന്ന കുട്ടികളെ പ്രത്യേകമായി കരുതി പ്രോത്സാഹിപ്പിക്കുകയും,  പൗരോഹിത്യത്തിന്റെ തണലിൽ അവരെ വളർത്തുകയും വേണം.

മെയ് 15 ഞായറാഴ്ച മാത്രമല്ല, തുടർന്നും കർത്താവിന്റെ ആഗ്രഹത്തെ മാനിച്ചുകൊണ്ട് നമ്മുക്ക് ദൈവവിളികൾക്കായി പ്രാർത്ഥിക്കാം. ഇക്കാര്യത്തിൽ പിതാക്കന്മാരുടെയും, പ്രത്യേകിച്ച് മാതാക്കളുടെയും പ്രാർത്ഥന ദൈവസന്നിധിയിൽ വിലപ്പെട്ടതാണ്. നമ്മുടെ സഭയിൽ സമർപ്പണജീവിതം നയിക്കുന്ന വൈദികർക്കും സന്യസ്തർക്കു വേണ്ടിയും പ്രാർത്ഥിക്കാം. അവരെ ബഹുമാനി ക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അതും പരോക്ഷമായി ദൈവവിളികളുടെ പരിപോഷണമാണ്.

എല്ലാ ദൈവവിളികളെയും പ. ദൈവമാതാവിന്റെ മാതൃസഹജമായ സംരക്ഷണത്തിന് സമർപ്പിച്ചുകൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

എന്ന്,



മൂവാറ്റുപുഴ
05.05.2011

**✠ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത**
ദൈവവിളിക്കമ്മീഷൻ ചെയർമാൻ

N.B: ഈ സർക്കുലർ ദൈവവിളിദിനമായ മെയ് 15-ാം തീയതി ഞായാറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

**Syro-Malankara Catholic Church**

# Vocation Day

**CL SC 2/2011**

Circular Letter
of **Most Rev. Abraham Mar Julios**
Chairman for the Synodal Commission for Vocation
published on the occasion of the **Vocation Day of 2011**

Universal Church observes 15 May 2011, Sunday, as the Vocation Day. The Holy Father has instructed how to encourage vocations by the Local Churches (Proposing Vocations as the Local Churches). Regarding the Syro-Malankara Catholic Church, it is needless to say that the Vocation Prayer Day is closely related to the topic *Suvisheshakayaya Malankara Sabha* (Malankara Church - the Evangelist) selected for the First Church Assembly .

Many incidents are recorded in the Old Testament how God called, set apart, strengthened and sent people for His service. The lives of Moses, Joshua, Elijah, and Jeremiah are transformed and how they are stories which tell us how they became tongues which speak for God, how their hand work for God and how their legs run for him.

When we speak about the vocations in the New Testament a few important facts are as follows:

**1. The criterion of God calling somebody is only that Jesus likes him.**

The knowledge, beauty, ability, wealth, and family status of the person do not become its criteria. “You did not choose me but I chose you” (Jn 15:16). The prime cause of vocation is the mercy of God that converts the human unworthiness to worthiness and the wisdom of God that transforms weakness to strength.

“It depends not on human will or exertion, but on God who shows mercy” (Rom 9:16). If God likes a person, he calls him and makes him as his own. That is why we read in Jeremiah's prophesy, “I will give you shepherds after my own heart, who will feed you with knowledge and understanding” (Jer 3:15).

**2. Vocation is a gift: It is the result of prayer.**

In the morning Jesus called his disciples near him and chose twelve of them after spending the night in prayer (LK 6l12-13). Our Lord himself ordered: "Ask the Lord of the harvest to send out laborers in to his harvest" (Mt 9: 38).

**3. Vocations originate from the need of the Kingdom of God.**

Moses' calling was in a circumnstance there was no one to liberate the people of Israel from the slavery and adversity and to give them leadership.When Jesus saw the crowd, he felt compassion since they were sheep without shepherd. Comparing the the world to an agricultural field Jesus said, "Look around you, and see how the fields are ripe for harvesting" (Jn 4:35). If the ripe and matured grain is not harvested at the right time, it will be ruined. In order to avoid the ruin we need urgently the service of many laborers.

**4. Jesus calls people to follow him and form them lovingly**

The good qualities of people who are designated to be fishers of men for the kingdom of God are to know Jesus, love him, sacrifice everything for the love and die. "Unless a grain of wheat falls in to the earth and dies, it remains just a single grain, but if it dies, it bears much fruit"(Jn 12: 24). They, with Jesus, are to be baptized in the baptism of suffering and drink the cup of death (Mk 10: 38).

**5. Vocation and today's challenge**

In the society where we live there are powers and influences which work against the vocations to priesthood and religious life. Commercial culture teaches the youngsters to live for themselves and consider the service for others as an economic loss. To reduce the number of children and destroy the female embryos are very common. In foreign countries lack of personnel is made out in the field of services such as teacher, nurse, police, and fire force. The lifelong relations are considered as bonds. This is not only in the vocation of the priests and religious but statistics show that the number of people who wish to enter a married life is also coming down. Today we are trying to encourage and pray for vocation on this cultural background.

We should try to create a counter culture in the Church when media consciously try to disgrace priesthood and religious life. Only a priest can substitute Jesus in this world to pronounce the Sacramental words and call upon the Holy Spirit. Hence St. Ephrem who lived in the 4$^{th}$ century sang, "Mother don't feel offence to me; you could give birth to Jesus only once and carry him in your hands. But how many times a priest gives birth to Jesus (sacramental) and carry him in hands? So a priest is luckier than you in priesthood."

**6. Obligation to encourage vocation in the Local Church**

Pope John Paul II wrote a letter to families when Family Year was observed in 1994. The Pope asked the parents in this way: "Dear parents, give one of your children to me. Boy or girl, do you know why do I ask for a child? To proclaim God's love across the world through them. So the son / daughter whom you give me will become a great blessing to your families." (A Letter to the Families).

In today's noisy society the voice of Jesus and the Church is not heard; and even if we hear, we disregard it. We are obliged to say this repeatedly to individuals and families with courage and without despair .

It is the obligation of the whole Christian community to promote vocations consciously. The Holy Father specially emphasized the role of priests who give leadership to the Christian communities. Whenever you get a chance, you should talk and pray about this matter in the Faith formation, Malankara Catholic Children's League, the group of the Altar-servers and Malankara Catholic Youth Movement. Encourage youngsters who wish to become priests, religious and missionaries.

The presence of religious is necessary in the field of service of the Church. We need the knowledge and consent of the parish priest to recruit the vocations. We have to receive the permission of the Eparchial Bishop in advance to join as a candidate in an Eparchy and Religious Congregations which belong to another Church *sui juris*.

The priests, who are happy of and thankful about their own vocations, will try to encourage priestly and religious vocations. Regarding a priest, youngsters are attracted by the offering of the Holy Qurbono with faith and piety, personal prayer life and his pastoral life fully dedicated for the sheep. More over encourage with care the children who serve in the sanctuary and bring them up under the protection of priesthood.

Let us pray for vocation not only on Sunday, 15 May but also continue to do so according to the Lord's wish. In this matter the prayer of the parents especially of the mothers is valuable before God. Let us pray for priests and religious who lead a dedicated life in our Church. Let us respect and encourage them. That is also fostering vocation indirectly.

I dedicate all vocations to the motherly protection of Holy Mother of God.

Sd/
**✠Abraham Mar Julios**
Chairman, Synodal Commission for Vocation

Muvattupuzha
05.05.2011